2026

HAPPY NEW YEAR

# ANNE'S Digest

JANUARY 2026



## സംയുക്ത തിരുനാൾ

2026 ജനുവരി 31, ഫെബ്രുവരി 1,2, തിയ്യതികളിൽ

ഫെബ്രുവരി 8 ഞായർ എട്ടാമിടം

## ST. ANNE'S CHURCH

WEST FORT, THRISSUR - 680 004.

# 41TH DAY OF DEMISE

05.01.2026



D/o. CHITTILAPPILLY SONY THOMAS

# HELENIYA

**BORN: 31.01.2017** **DIED: 26.11.2025**

St. Pious Unit



# സെന്റ് ആൻസ് ചർച്ച്, തൃശൂർ

തൃശൂർ – 680 004



**Vicar Personal Mob : 9495631820**
**Church Off: 8281832244**
web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr

വാല്യം: 37 | ലക്കം: 1

## പത്രാധിപസമിതി

- **ചീഫ് എഡിറ്റർ**
  റവ.ഫാ. **ലിജോ ചിറ്റിലപ്പിള്ളി** 9495631820
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
ബിജു ആലപ്പാട്ട് 9847069639
ജോളി കുര്യാക്കോസ് 7293103400
അനിറ്റ ജോസ് 9400887792
സോളമൻ ബ്രഹ്മകുളം 9995402660
നോബിൾ പാട്രിക് 8907139955

- **കൈക്കാരന്മാർ**

ഫ്രാൻസീസ് പെരുമാട്ടിൽ 9447746232
രാജു കുരിയാക്കോസ് 9447185043
ബിജു കോമ്പാറക്കാരൻ 9846565006
സിജോ ജോസ് കള്ളിക്കാടൻ 7012832595

## ഉള്ളടക്കം

എഡിറ്റോറിയൽ
ഇടയശബ്ദം
വരിക പരിശുദ്ധാത്മാവേ വരിക
2025–2028 പ്രതിനിധിയോഗാംഗങ്ങൾ
അനുദിനവിശുദ്ധർ
വിദ്യാർത്ഥികളോട്
ദലീല
പ്രതിനിധിയോഗത്തീരുമാനങ്ങൾ
ഉപേക്ഷിച്ചവൻ അപേക്ഷിച്ചപ്പോൾ
ചുവന്ന ലില്ലി
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
ഭർത്താക്കന്മാരേ നിങ്ങൾ രാജാക്കന്മാരാകുന്നു
ബൈബിൾ ക്വിസ് സീനിയർ
ബൈബിൾ ക്വിസ് ജൂനിയർ
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന

- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL

## പുതുവത്സരം: പ്രത്യാശയും സമർപ്പണവും നിറഞ്ഞ തുടക്കം

ഒരു പുതുവത്സരത്തിന്റെ കവാടത്തിലൂടെ നാം കടന്നുവരുമ്പോൾ, ദൈവത്തിന്റെ കരുണയും അനുഗ്രഹവും വീണ്ടും ഓർക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം. ജനുവരി മാസം മനുഷ്യന്റെ ജീവിതത്തിൽ പുതിയ തുടക്കങ്ങളുടെ പ്രതീകമാണ്. കഴിഞ്ഞ വർഷത്തെ അനുഭവങ്ങളും പരാജയങ്ങളും വിജയങ്ങളും നമ്മെ പഠിപ്പിച്ച പാഠങ്ങളായി സ്വീകരിച്ച്, മുന്നോട്ടുള്ള യാത്രയിൽ കൂടുതൽ ആത്മവിശ്വാസത്തോടെ നീങ്ങുവാൻ ഈ മാസം നമ്മെ പ്രേരിപ്പിക്കുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ പുതുവത്സരം ആത്മപരിശോധനയുടെയും നവീകരണത്തിന്റെയും കാലമാണ്. “പഴയതു കഴിഞ്ഞുപോയി; ഇതാ, എല്ലാം പുതുതായി” (2 കൊരിന്ത്യർ 5:17) എന്ന ദൈവവചനത്തിന്റെ അർത്ഥം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്ക് ഈ അവസരം ഉപയോഗിക്കാം. നമ്മുടെ ചിന്തകളിലും പ്രവർത്തികളിലും ബന്ധങ്ങളിലും ക്രിസ്തുവിന്റെ സ്നേഹവും ക്ഷമയും കൂടുതൽ പ്രകടമാകേണ്ട സമയമാണിത്.

ജനുവരി മാസം പരിശുദ്ധ കുടുംബത്തിന്റെ മാതൃക നമ്മെ ഓർമ്മിപ്പിക്കുന്നു. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുവാനും, പരസ്പര സ്നേഹവും സഹനവും വളർത്തുവാനും, പ്രാർത്ഥനയെ കുടുംബജീവിതത്തിന്റെ കേന്ദ്രമായി മാറ്റു വാനും നാം ശ്രമിക്കണം. ആധുനിക ജീവിതത്തിലെ തിരക്കുകൾക്കിടയിലും ദൈവത്തിനായി സമയം കണ്ടെത്തുന്ന കുടുംബങ്ങളാകുവാൻ ഈ പുതുവത്സരം നമ്മെ വിളിക്കുന്നു.

അതുപോലെ തന്നെ, സഭ എന്ന വലിയ കുടുംബത്തിന്റെ ഭാഗമായ നാം സാമൂഹിക ഉത്തരവാദിത്വവും കരുതലും മറക്കരുത്. ദുഃഖിതരായവരോടും രോഗികളോടും അവഗണിക്കപ്പെടുന്നവരോടും കരുണ കാണിക്കുക എന്നത് ക്രിസ്തീയ ജീവിതത്തിന്റെ ഹൃദയമാണ്. നമ്മുടെ ചെറിയ സഹായങ്ങൾ പോലും മറ്റൊരാളുടെ ജീവിതത്തിൽ വലിയ പ്രത്യാശയായി മാറാം.

ഈ പുതുവത്സരത്തിൽ, വിശ്വാസത്തിൽ ഉറച്ചുനിന്ന്, പ്രത്യാശയിൽ ജീവിച്ച്, സ്നേഹത്തിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യാനികളാകുവാൻ നമുക്ക് തീരുമാനിക്കാം. ദൈവത്തിന്റെ വഴിനടത്തലിൽ ഓരോ ദിവസ വും പുതുമയോടെ ആരംഭിക്കുമ്പോൾ, ഈ വർഷം നമ്മുടേയും നമ്മുടെ സമൂഹത്തിന്റെയും ജീവിതത്തിൽ അനുഗ്രഹങ്ങളുടെ വർഷമാകട്ടെ.

പത്രാധിപസമിതി




സ്നേഹമുള്ളവരെ, എന്റെ മനസ്സിൽ എനിക്ക് ഏറ്റവും ഇഷ്ടവും ഹൃദയത്തിൽ ഏറെ സന്തോഷവുമുള്ള തൃശൂർ വെസ്റ്റ് ഫോർട്ടിലെ വി. അന്നാവുമ്മയുടെ നാമധേയത്തിലുള്ള പരിശുദ്ധ ദൈവാലയത്തിലേയ്ക്ക് വീണ്ടും ഒരു ദൈവനി യോഗംപോലെ അപ്രതീക്ഷിതവും ആകസ്മികവുമായി വികാരിയായി വീണ്ടും വരുവാൻ സാധിച്ചതിലുള്ള സന്തോഷവും വരുവാനുണ്ടായ നമ്മുടെ  ഇടവകയിലെ സാഹചര്യങ്ങളിലുള്ള ഉത്കണ്ഠയും പങ്കുവച്ചുകൊണ്ട് ഞാൻ എഴുതട്ടെ. തൃശൂർ അതിരൂപതയിലെ തന്നെ പുരാതനവും 117 വർഷത്തെ വിശ്വാസപാരമ്പര്യവും പുണ്യാർഹനായ പെരിയ ബഹു. ജോൺ കിഴക്കൂടനച്ചന്റെ സാന്നിധ്യത്താലും സാമീപ്യത്താലും വളർന്നുവരുകയും ചെയ്ത ഇടവകയാണ് തൃശൂർ സെന്റ് ആൻസ് ദൈവാലയം. പുണ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് കുണ്ടുകുളം മെത്രാപ്പോലീത്ത മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടത് തൃശൂർ പടിഞ്ഞാറെകോട്ട സെന്റ് ആൻസ് ഇടവക വികാരിയായിരിക്കുമ്പോഴാണ്. നിലവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത നമ്മുടെ ഇടവകയിൽ സഹവികാരിയായി സേവനം ചെയ്തിട്ടുണ്ട്. തൃശൂർ അതിരൂപതയുടെ വികാരിജനറാൾമാരായിരുന്ന മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി, മോൺ. ജോർജ്ജ് അക്കര തുടങ്ങിയ വൈദീകശ്രേഷ്ഠർ വർഷങ്ങളോളം വികാരിമാരായി സേവനം ചെയ്ത പുണ്യ ദൈവാലയമാണ് തൃശൂർ സെന്റ് ആൻസ്. എന്നും എക്കാലവും തിരുസഭയോടൊത്ത് മാത്രം നിലകൊള്ളുന്ന, സഭാമേലധികാരികൾക്ക് എക്കാലവും പ്രിയങ്കരരും വിധേയത്വവും അദരവും നൽകുന്ന നല്ലൊരു ഇടവകയായിരുന്നു നമ്മുടേത്. തൃശൂർ അതിരൂപതയിൽ നാളിതുവരെ യാതൊരു പ്രശ്നങ്ങളും ഇല്ലാതെ, ഇടവക കൂട്ടായ്മയും ഐക്യവും സഭാത്മകതയും ആദ്ധ്യാത്മികതയും വിശ്വാസസാക്ഷ്യവും പേറുന്ന നല്ലൊരു

ഇടവക. എല്ലാ വൈദീകർക്കും വികാരിയായി വരുവാനും സേവനം ചെയ്യുവാനും ഇഷ്ടമുള്ള ഒരു മാതൃകാ ഇടവക. പക്ഷേ കുറച്ചുനാളുകളായി തീർത്തും അനാവശ്യവും വസ്തുതാവിരുദ്ധവും സത്യവിരുദ്ധവുമായ ചില കാര്യങ്ങളുടെ പേരും പറഞ്ഞ് ആരാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടും സഭാവിരുദ്ധരാൽ സ്വാധീനിക്കപ്പെട്ടും വിരലിൽ എണ്ണാവുന്ന ചുരുക്കം ചിലരാൽ ഇടവകയിൽ ഉണ്ടായ അസ്വസ്ഥതകളും ഭിന്നതകളും അസ്വാരസ്യങ്ങളും തൃശൂർ അതിരൂപതയേയും അഭിവന്ദ്യരായ പിതാക്കന്മാരേയുംപോലും കളങ്കപ്പെടുത്തുന്ന, അപമാനിക്കുന്ന, സെന്റ് ആൻസ് ഇടവകയുടെ സൽപേരിനേയും പ്രശസ്തിയേയും നഷ്ടപ്പെടുത്തുന്ന അതോടൊപ്പം അഗതികളുടെയും അനാഥരുടെയും അശരണരുടെയും എക്കാലത്തേയും അഭയസ്ഥാനവും നൂറ്റാണ്ടിന്റെ സേവനപാരമ്പര്യവുമുള്ള സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലനില്പ്പിനുപോലും ഭീഷണിയാകുന്ന സൽപ്പേരിനും പ്രശസ്തിക്കും കോട്ടം വരുന്ന വിധത്തിൽ വന്നു ഭവിച്ചുവെന്നത് ഏറെ സങ്കടകരവും അപലപനീയവുമാണ്. സെന്റ് ആൻസ് ഇടവകയുടെ ശ്രേഷ്ഠമായ ചരിത്രത്തെ ഒരിക്കൽപോലും വായിച്ചറിയുവാനോ സത്യസന്ധമായി അന്വേഷിച്ചറിയുവാനോ, ആധികാരികമായി വിലയിരുത്തുവാനോ ശ്രമിക്കാതെ, സെന്റ്ആൻസ് ഇടവകയുടെയും കത്തോലിക്കാ സഭയുടെയും തൃശ്ശൂർ അതിരൂപതയുടെയും നന്മയും പ്രശസ്തിയും വളർച്ചയും തീർത്തും ഇഷ്ടപ്പെടാത്ത സഭാവിരുദ്ധരായവരോട് കൂട്ടുകൂടിയും അവരാൽ സ്വാധീനിക്കപ്പെട്ടും ദുഷ്ടലാക്കോടെ വിവാദങ്ങളുണ്ടാക്കുവാൻ നടത്തിയ സംഭവങ്ങളായിരുന്നു അതെന്ന് പറയാതെ വയ്യ. സമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും ഇക്കൂട്ടർ പ്രചരിപ്പിച്ച അപവാദങ്ങൾ ഊഹോപാഹങ്ങളും നുണകഥകളും അവ ഏറ്റെടുത്ത് പ്രചരിപ്പിച്ചവരുടെ പേരും വിവരങ്ങളും മുൻകാല ചരിത്രവും പരിശോധിച്ചാൽ ഇക്കാര്യം നമുക്ക് മനസിലാക്കാം. ''ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ'' (മത്താ. 24/5) എന്ന ദൈവവചനം നമ്മുടെ ഹൃദയത്തിൽ ഉണ്ടാകട്ടെ. സെന്റ് ആൻസ് ഇടവക ആദിമ ക്രൈസ്തവസമൂഹം പോലെ ഒരു മനസ്സും ഒരു ഹൃദയവും ഒരു ആത്മാവും ഉള്ള വിശ്വാസസമൂഹമാകുവാൻ, മേലധികാരികളെ ആദരിക്കുന്ന, അനുസരിക്കുന്ന, ഇഷ്ടപ്പെടുന്ന, ഇടവകയുടെ കുപ്രശസ്തിയേക്കാൾ പ്രശസ്തി ആഗ്രഹിക്കുന്ന, അതിനായി ശ്രമിക്കുന്ന ആരാലും ചിതറിക്കപ്പെടാത്ത ദൈവജനമായി നമ്മുക്ക് മുന്നേറാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ

സ്വന്തം **ലിജോ ചിറ്റിലപ്പിള്ളി അച്ചൻ**



# വരിക പരിശുദ്ധാത്മാവേ വരിക



സി. സാന്നിധ്യ CMC

നമ്മുടെ ആവശ്യങ്ങൾക്കായി നാം പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കണം കൂട്ടുകാരെ. അതാണ് ദൈവത്തിന്റെ ആഗ്രഹം. ദൈനംദിന ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സഹായം തേടുന്ന അവസ്ഥയിലേയ്ക്ക് നാം എത്തണം എന്ന് ദൈവം ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിനോട് യാചിച്ചുകൊണ്ട് ഓരോ ദിവസവും ആരംഭിക്കാം. രാത്രിയിൽ നമുക്കൊപ്പമുണ്ടാകാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ചുകൊണ്ട് ഓരോ ദിവസവും അവസാനിക്കാൻ ഇടവരട്ടെ.

ദുഃഖങ്ങളെ സന്തോഷമാക്കി മാറ്റാൻ
രോഗങ്ങളെ ആരോഗ്യമാക്കി മാറ്റാൻ
ദുർബലതയെ ശക്തിയായി മാറ്റാൻ
അസമാധാനത്തെ സമാധാനമാക്കി മാറ്റാൻ
കലഹങ്ങളെ സ്നേഹമാക്കി മാറ്റാൻ
ഓ പരിശുദ്ധാത്മാവേ വരിക എന്നിൽ

ഞാൻ അവിടുത്തെ സ്നേഹിക്കുന്നു.

നമ്മിൽ പൂർണ്ണശക്തിയോടും അധികാരത്തോടുംകൂടി ചലിക്കാൻ, സജീവദൈവത്തിന്റെ ആത്മാവിനോട് നമുക്ക് അപേക്ഷിക്കാം. നിങ്ങൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുമ്പോൾ പിതാവായ ദൈവം, പുത്രനായ ദൈവം സന്തോഷിക്കുന്നു. കാരണം, പിതാവിന്റെയും പുത്രന്റേയും ആത്മാവാണ് പരിശുദ്ധാത്മാവായ സഹായകൻ. അവനിലൂടെയാണ് നാം ദൈവത്തെ ''ഞങ്ങളുടെ പിതാവേ'' എന്ന് വിളിക്കുന്നത്. അവനിലൂടെയാണ് യേശു ''കർത്താവാണെന്ന്'' നാം പ്രഖ്യാപിക്കുന്നത്. നമ്മൾ ഈ ഭൂമിയിൽ ജീവിക്കുമ്പോൾ, പരിശുദ്ധാത്മാവിലൂടെ മാത്രമേ ദൈവത്തിന്റെ സിംഹാസനവുമായി ബന്ധപ്പെടാൻ സാധിക്കൂ.

യോഹ. 14:16 ൽ പറയുന്ന മറ്റൊരു സഹായകൻ എന്നതിന് ഗ്രീക്കിലെ പദം ''അല്ലോസ്'' എന്നാണ്. ഒരേ തരത്തിലുള്ള മറ്റൊരാൾ എന്നാണ് ഇതി

നർത്ഥം. അതുകൊണ്ടാണ് യേശുക്രിസ്തു തന്നെപ്പോലെയുള്ള സഹായക നെന്ന് പരിശുദ്ധാത്മാവിനെ പറയുന്നത്.

യോഹ. 16:7ൽ പറയുന്നു 'ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങ ളുടെ അടുക്കലേയ്ക്ക് വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേയ്ക്ക് ഞാൻ അയയ്ക്കും. ''വിശുദ്ധിയിലേയ്ക്കൊരു രഹസ്യം'' എന്ന ലേഖനത്തിൽ കർദ്ദിനാൾ മേഴ്സിയാർ ഇങ്ങനെ പറയുന്നു: ''വിശു ദ്ധിയ്ക്കും ആഹ്ലാദത്തിനും വേണ്ടിയുള്ള ഒരു രഹസ്യം ഞാൻ നിങ്ങളോട് വെളിപ്പെടുത്തുകയാണ്. ഓരോ ദിവസവും അഞ്ച്മിനിട്ട് നേരം ചിന്തകളെ ല്ലാം അടക്കി ഇന്ദ്രിയഗോചരമായ എല്ലാ വസ്തുക്കൾക്കുമുന്നിലും കണ്ണു കളടച്ച് ഭൂമിയിലെ എല്ലാ ശബ്ദങ്ങൾക്കും നേരെ കാതുകൾ പൂട്ടി പരിശു ദ്ധാത്മാവിന്റെ ആലയമായ നിങ്ങളുടെ ജ്ഞാനസ്നാനിത ആത്മാവിന്റെ പുണ്യകോവിലിലേയ്ക്ക് പിൻവാങ്ങി ആ പരിശുദ്ധാത്മാവിനോട് ഇങ്ങനെ പറയുക, ''അല്ലയോ പരിശുദ്ധാത്മാവേ, എന്റെ ആത്മാവേ...''

പരിശുദ്ധാത്മാവിന് കീഴ്‌വഴങ്ങുക എന്നതാണ് വിശുദ്ധിയുടെ രഹസ്യം. നിങ്ങൾ ഇങ്ങനെ ചെയ്താൽ ജീവിതം സന്തോഷകരമായും, പരിശുദ്ധ മായും കടന്നുപോകും. ദുരിതങ്ങളുടെ നടുവിൽ സമാശ്വാസങ്ങൾ നിറഞ്ഞു കവിയും. പരീക്ഷണങ്ങൾക്കും അനുഗ്രഹം നല്കപ്പെടും. പറുദീസായുടെ കവാടങ്ങൾ നിങ്ങൾക്കായി പൂർണ്ണമായും തുറപ്പെടും.


**ആൻസ് ഡൈജസ്റ്റ് പരസ്യനിരക്ക് (ജനുവരി 2018 മുതൽ)**

| പേജ് | ഒരു തവണ | 6 മാസം | ഒരു വർഷം |
|---|---|---|---|
| പിൻ കവർ (കളർ) | 2500 | | |
| ഉൾകവർ (കളർ) Front in & Back in | 2000 | | |
| ഉൾപേജ് (കളർ) | 1500 | | |
| ഹാഫ് പേജ് (കളർ) | 800 | | |
| ഫുൾ പേജ് (B&W) | 900 | | |
| ഹാഫ് പേജ് (B&W) | 500 | | |
| ക്വാർട്ടർ പേജ് (B&W) | 300 | | |
| സെന്റർ പേജ് (കളർ) | 3500 | | |

# 2025-2028
# പ്രതിനിധിയോഗാംഗങ്ങൾ

1. വികാരി. റവ.ഫാ ലിജോ ചിറ്റിലപ്പിള്ളി

**കൈക്കാരൻമാർ**

2. പെരുമാട്ടിൽ ജോസഫ് ഫ്രാൻസീസ്
3. ചിറയത്ത് കുരിയാക്കോസ് രാജു
4. കോമ്പാറക്കാരൻ പോൾ ബിജു
5. കള്ളിക്കാടൻ ജോസ് സിജോ

6. റവ.ഫാ.ഡേവിസ് ചക്കാലക്കൽ (വൈദീക പ്രതിനിധി)
7. റവ. സി. സാന്നിധ്യ CMC (സന്ന്യസ്ത പ്രതിനിധി)
8. റവ. സി. ലിൻസി. CMC (സെന്റ് ആൻസ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി)

**പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ (Ex. Officio)**

9. റവ. സി. ഷാജി SLMI
10. പുലിക്കോട്ടിൽ മാത്യൂ ടോജോ
11. കുരുതുകുളങ്ങര കുള ആഗസ്റ്റിൻ പോളി

**ഏകോപനസമിതി പ്രതിനിധികൾ**

12. പോന്നോര് വള്ളുക്കുളം ആന്റണി ഫ്രാൻസി (കത്തോലിക്ക കോൺഗ്രസ്സ്)
13. കല്ലൂപറമ്പിൽ വർഗ്ഗീസ് ഫിലോമിന (ദർശനസഭ)
14. ആളൂർ കൊക്കൻ ജെൽസൺ ഗോഡ്‌വിൻ (KCYM)
15. കൂത്തൂ പാട്രിക്ക് വിഷി (വിശ്വാസപരിശീലനം)

**കുടുംബക്കൂട്ടായ്മ പ്രതിനിധികൾ (Elected)**

16. എലുവത്തിങ്കൽ ജോസ് സോജൻ (സെന്റ്. മദർ തെരേസ)
17. വടക്കൻ രാജു മറീന (മദർ തെരേസ)
18. കരേരക്കാട്ടിൽ തോമാസ് പോൾസൺ (സെന്റ്. ആൻസ്)
19. ചക്കാലക്കൽ തോംസൺ ലൈസ (സെന്റ്. ആൻസ് )
20. കുരുതുകുളങ്ങര കുള ആഗസ്റ്റിൻ പോളി (സെന്റ്.ഗോൺസാല)
21. കൊള്ളന്നൂർ അവണൂക്കാരൻ കുരിയാക്കോസ് ജോളി (സെന്റ്. ഗോൺസാല
22. കളത്തിങ്കൽ കൊച്ചപ്പൻ വിൻസെന്റ് (സെന്റ്. സെബാസ്റ്റ്യൻ)
23. കൈതരാൻ നിജീഷ് റോസ്മി (സെന്റ്. സെബാസ്റ്റ്യൻ)
24. കല്ലുവീട്ടിൽ ജോസ് എൽജോ (സെന്റ്. അൽഫോൻസ )
25. പാലയൂർ ഡേവീസ് എൽസി (സെന്റ്. അൽഫോൺസ )
26. ചക്കാലക്കൽ ദേവസ്സി ജോയ് (സെന്റ്. സേവിയർ)
27. തട്ടിൽ പിടിയൻ സജു ബിനി (സെന്റ്. സേവിയർ )
28. പുതുക്കാടൻ പൗലോസ് ബിജു (സെന്റ്.പയസ്സ്)
29. പുലിക്കോട്ടിൽ റാഫേൽ അനിത (സെന്റ്.പയസ്സ്)
30. കൊടിയത്ത് തോമാസ് ബാബു (സെന്റ്. ആന്റണീസ്)

31. ചിറമ്മേൽ കുഞ്ഞാവു അനു ജോസ് (സെന്റ്. ആന്റണീസ് )
32. കൊള്ളന്നൂർ അവണൂക്കാരൻ ഔസേപ്പ് വിൻസെന്റ് (സെന്റ്. മാർട്ടിൻ)
33. കാഞ്ഞിരത്തിങ്കൽ ഡേവീസ് ഷീല (സെന്റ്. മാർട്ടിൻ)
34. ഇരുമ്പൻ പൊറിഞ്ചു അനിൽ (സെന്റ്. ജോസഫ്)
35. ആരോനിവാസ് ഫെലിക്സ് സ്റ്റെല്ല (സെന്റ്. ജോസഫ്)
36. കല്ലൂപറമ്പിൽ ജോസ്മണി ഡെനകസ് (സെന്റ്. ഏവുപ്രാസിയ)
37. കല്ലൂപറമ്പിൽ ജോസ്മണി സിനി (സെന്റ്. ഏവുപ്രാസിയ)
38. തറയിൽ ബെന്നി അമൽ (സെന്റ്. ജോർജ്ജ്)
39. താമരപറമ്പിൽ ടിൻറ്റോ ലൂസി (സെന്റ്. ജോർജ്ജ്)
40. മരോട്ടിക്കൽ പോൾഷിൻറ്റോ (സെന്റ്. തോമാസ്)
41. കരേരക്കാട്ടിൽ നിക്സൺ റിൻസി (സെന്റ്. തോമാസ്)
42. ചിറമ്മേൽ പായമ്മൽ ജോസഫ് പീറ്റർ (സെന്റ്. ഇഗ്നേഷ്യസ് )
43. കുണ്ടുകളങ്ങര ഔസേഫ് ജോസ്ഫീന (സെന്റ്. ഇഗ്നേഷ്യസ് )
44. ബ്രഹ്മകുളം തെക്കത്ത് ചാക്കോ സോളമൻ (സെന്റ്. മേരീസ് )
45. കുന്നൻ ഇഗ്നേഷ്യസ് ബീന (സെന്റ്. മേരീസ്)

**പുതിയ നോമിനേറ്റഡ് മെമ്പേഴ്സ്**

46. തോപ്പിൽ മാത്യു മനീഷ് (യൂത്ത്)
47. കാഞ്ഞിരത്തിങ്കൽ ഡേവിസ് ആന്റോ (യൂത്ത്)
48. തറയിൽ വെളിയന്നൂക്കാരൻ തോമാസ് ജോൺ
49. ആളൂർ കൊക്കൻ ജോസ് ജെൻസൺ
50. മുട്ടത്ത് ജോൺ ഡെൽജോ
51. ചിറ്റിലപ്പിള്ളി തോമാസ് സാൻറ്റോ
52. കൊടിയൻ മൈക്കിൾ നിജോ
53. അറയ്ക്കാപറമ്പിൽ ആന്റണി ആൻസൻ
54.ചക്കാലക്കൽ തോമ ഫ്രാൻസീസ്
55. ചിരിയങ്കണ്ടത്ത് ആന്റണി സെബാസ്റ്റ്യൻ
56. കോമ്പാറക്കാരൻ പോൾ ബിജു
57. പടിഞ്ഞാറേത്തല ചിറമ്മേൽ ആന്റണി വർഗ്ഗീസ്
58. ചെമ്മണ്ണൂർ ജോസഫ് ഫ്രാൻസീസ്
59. കുന്നംക്കുടത്ത് ആന്റണി പോൾസൺ
60. കണ്ണംമ്പുഴ പറമ്പൻ ബേബി മല്ലിക (വനിത)
61. താഞ്ചൻ റാഫി ഗീത (വനിത)
62. കൊള്ളന്നൂർ അവണൂക്കാരൻ സജു ബിജി (വനിത)
63. കുണ്ടുകുളങ്ങര ജോൺസൻ ജിനി (വനിത)
64. ആലപ്പാട്ട് ബിജു സിജി (വനിത)
65. കുണ്ടുകുളങ്ങര ജോൺസൺ ആബേൽ (യൂത്ത്)
66. പാണേങ്ങാടൻ പോൾ ലിറോയ് (യൂത്ത്)
67. ആളൂർ കൊക്കൻ സജോ ബിജി (വനിത)

# അനുദിന വിശുദ്ധർ



## വിശുദ്ധ ഡോൺബോസ്കോ
(1815–1838)



മിസ്സിസ് ടെസ്സി ആന്റോ

ഇറ്റലിയിലെ ഒരു വലിയ വ്യവസായകേന്ദ്രമായ ട്യൂറിനിൽ 1815 ആഗസ്റ്റ് 16-ാം തിയതി ഒരു ദരിദ്രകുടുംബത്തിലാണ് ലോകപ്രസിദ്ധനായ വിശുദ്ധ ഡോൺബോസ്കോ (വി. ജോൺ ബോസ്കോ - ഡോൺബോസ്കോ എന്ന പേരിലാണ് കൂടുതലായും അറിയപ്പെടുന്നത്) ജനിച്ചത്. രണ്ടു വയസ്സുള്ളപ്പോൾ പിതാവ് ഫ്രാൻസിസ് ബോസ്കോ മരിച്ചു. പിതാവിന്റെ മരണശേഷം അമ്മ മാർഗരറ്റാണ് മകനെ സ്നേഹത്തിലും ദൈവഭയത്തിലും വളർത്തിയത്.

ഒമ്പതു വയസ്സുള്ളപ്പോൾ ജോൺ ഒരു സ്വപ്നം കണ്ടു; തന്റെ ചുറ്റും നിരവധി കുട്ടികൾ നിൽക്കുന്നതും, അവരെ നന്മതിന്മകൽ പഠിപ്പിക്കാൻ ഒരു ദിവ്യപുരുഷൻ ആവശ്യപ്പെടുന്നതും, സൗന്ദര്യവതിയായ ഒരു വനിത എല്ലാം സൂക്ഷിച്ചുകൊണ്ടിരിക്കുന്നതും. ജോൺ ഈ സ്വപ്നം അമ്മയോടു വിവരിച്ചു പറഞ്ഞു. മകൻ ഒരു വൈദികനാകണമെന്നായിരുന്നു അമ്മയുടെ മനസ്സിലെ ആഗ്രഹം.

ചെറുപ്പകാലത്തുതന്നെ ഞാണിന്മേൽകളി മുതലായ സർക്കസുവിദ്യകൾ കാട്ടി ജോൺ കുട്ടികളെ തന്റെ അടുക്കലേക്കും അങ്ങനെ ദൈവത്തിങ്കലേക്കും അടുപ്പിച്ചു.


വളരെ കഷ്ടപ്പെട്ടാണ് ജോൺ പഠിച്ചത്. ജ്യേഷ്ഠൻ ആന്റണിക്ക് അനുജന്റെ വായനയും പഠനവും ഇഷ്ടപ്പെട്ടില്ല. ഇടവക വികാരി ജോസഫ് കഫാസോ ജോണിന്റെ പഠനത്തിന് എല്ലാ സഹായസഹകരണങ്ങളും ചെയ്തു. 1741 ജൂൺ 5-ാം തിയതി ജോൺ വൈദികനായി. അങ്ങയുടെ സഹായത്തോടെ കുട്ടികൾക്കായുള്ള ഒരു ഭവനം ആരംഭിച്ചു. രണ്ടു മാസത്തിനകം എൺപതിൽപരം കുട്ടികൾ ഡോൺബോസ്കോയുടെ ബാലഭവനത്തിൽ താമസമാക്കി. തെരുവുതെണ്ടികളെപ്പോലും മര്യാദക്കാരാക്കാൻ അദ്ദേഹത്തിന് സാധിച്ചു. 1854 ജനുവരി 26-ാം തിയതി ഫാദർ സലേഷ്യൻസഭ സ്ഥാപിച്ചു. അധികം വൈകാതെ സ്ത്രീകൾക്കായുള്ള ഒരു സഭയും തുടങ്ങി.

ഡോൺബോസ്കോയുടെ ആദ്ധ്യാത്മിക ജീവിതം എടുത്തുപറയേണ്ട താണ്. ഫലിതവും പുഞ്ചിരിയും ഫാദറിന്റെ ഉറ്റ മിത്രങ്ങളായിരുന്നു. വികൃ തികുട്ടികൾക്കുവേണ്ടി എന്നപോലെ തൊഴിലാളികൾക്കു വേണ്ടിയും അദ്ദേ ഹം വളരെ അദ്ധ്വാനിച്ചിട്ടുണ്ട്. തൊഴിൽരഹിതർക്ക് തൊഴിൽ ഉണ്ടാക്കാനും, പ്രതിവർഷം 15 ദിവസം ശമ്പളത്തോടുകൂടിയുള്ള അവധി നൽകാൻ മുതലാ ളികളെ നിർബന്ധിക്കുന്ന നിയമങ്ങളുണ്ടാക്കാനും അദ്ദേഹം വളരെ പരിശ്ര മിച്ചിട്ടുണ്ട്.


'കത്തോലിക്കലൈബ്രറി' എന്ന പേരിൽ ഒരു പത്രം വിശുദ്ധൻ പ്രസിദ്ധീ കരിച്ചിരുന്നു. അതിന് ഒരു പ്രിന്റിങ്ങ് പ്രസ്സും സ്ഥാപിച്ചു. ജനങ്ങളുടെ ഉന്ന മനത്തിന് എത്ര തീക്ഷ്ണതയോടെ പ്രവർത്തിച്ചോ അത്രയേറെ ശത്രുക്കൾ അദ്ദേഹത്തിനുണ്ടായി. വധശ്രമത്തിൽനിന്ന് പലതവണ അത്ഭുതകരമായി രക്ഷപ്പെട്ടിട്ടുണ്ട്.

1886 ഡിസംബർ 11–ാം തിയതിയാണ് അവസാനമായി അദ്ദേഹം ബലി യർപ്പിച്ചത്. അധികം വൈകാതെ തളർവാതം പിടികൂടി. തീരെ അവശനായി 1888 ജനുവരി 31–ാം തിയതി രാവിലെ 4.45ന് എഴുപത്തിരണ്ടാമത്തെ വയ സ്സിൽ ഡോൺബോസ്കോ നിര്യാതനായി. 1927 ജൂൺ 2ന് പിയൂസ് പതി നൊന്നാമൻ മാർപാപ്പ ഡോൺബോസ്കോയെ വാഴ്ത്തപ്പെട്ടവനായും 1934 ഏപ്രിൽ 1ന് വിശുദ്ധനായും പ്രഖ്യാപിച്ചു.

വിജയമാതാവിനോട് വിശുദ്ധന് അഗാധമായ ഭക്തിയുണ്ടായിരുന്നു. നമുക്കും ദൈവമാതാവിനെ സ്നേഹിച്ചും ഒരു കുട്ടിയും ചീത്തയല്ലെന്നുള്ള മനോഭാവത്തോടെ ജീവിച്ച വിശുദ്ധനെപ്പോലെ കുട്ടികളെ ശിക്ഷിക്കാതെ സ്നേഹത്തോടെ പെരുമാറിയും ജീവിക്കാൻ ശ്രമിക്കാം. അതിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യാം.



# വിദ്യാർത്ഥികളോട്.....






പ്രൊഫ. ഡോ. മാണി പീറ്റർ

എല്ലാ വിദ്യാർത്ഥികൾക്കും പുതുവർഷത്തിന്റെ ആശംസകൾ. ഇതുവരെ നിങ്ങൾ 15 Question Papers പഠിയ്ക്കുകയുണ്ടായി. അവ ഉപകാരപ്പെടുന്നു എന്ന് കരുതട്ടെ. തീർച്ചയായും ഈ പംക്തി നിങ്ങൾക്ക് ഭാവിയിൽ ഒരു ജോലി ലഭിക്കുവാനുള്ള മത്സരപരീക്ഷകൾ എഴുതുവാൻ സഹായിക്കുമെന്നതിൽ തർക്കമില്ല.

## Question Paper 16
## Part A Write Short notes on

1. Non Bank Financial Intermediation (NBFI)
2. University Grants Commission (UGC)
3. Council Scientic and Industrial Research (CSIR)
4. All India Institute of Medical Sciences (AIIMS)
5. Enforcement Directorate (ED)

## Part B

1. ഏതുവർഷമാണ് മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനം ആഘോഷിച്ചത്.

a) 1968 b) 1969 c) 1948 d) 1947

1. ഏതു വർഷത്തിൽ ആണ് മഹാത്മാഗാന്ധി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചത് (Non Cooperation Movement)

a) 1919 b) 1920 c) 1921 d) 1932

3. Euthanasia എന്ന പദം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

a) വൈദ്യശാസ്ത്രം b) ബഹിരാകാശം c) തിരഞ്ഞെടുപ്പുകൾ d) കോടതി

4. WHO ആസ്ഥാനം എവിടെ ആണ്?

a) Newyork b) Geneva c) Italy d) Washington

5. എന്താണ് Bitcoin?

a) ചെറിയ നാണയങ്ങൾ b) ഡിജിറ്റൽ പണം c) റഷ്യയുടെ നാണയം d) ഇതൊന്നു അല്ല

6. GST ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു
a) സാമ്പത്തികശാസ്ത്രം b) ചരിത്രം c) സാഹിത്യം d) പോലീസ്
7. Java എന്ന കമ്പ്യൂട്ടർ ഭാഷ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
a) Janies Gosling b) James Watt c) James Morg d) James Ann
8. ഏഷ്യൻ സിംഹങ്ങളെ (Afiatic Lions) ഇന്ത്യയിൽ കാണപ്പെടുന്ന ഒരേയൊരു സ്ഥലം.
a) ഗിർവനങ്ങൾ b) ബണ്ണാർഗഢ c) രാജസ്ഥാൻ മരുഭൂമികൾ d) ആസ്സാം കാടുകൾ
9. കുട്ടികൾ അതിവേഗത്തിൽ (സാധാരണയിൽ നിന്ന് എട്ട് ഇരട്ടി) വളരുന്ന വൈദ്യശാസ്ത്ര പ്രതിഭാസത്തിന്റെ പേര്
a) എംബോള b) BMI c) വെർട്ടിഗോ d) Mums
10. താഴെ പറയുന്നവരിൽ ആരാണ് സസ്യശാസ്ത്രത്തിൽ പ്രശസ്തയായ വനിത
a) ജാനകി അമ്മാൾ b) പട്ടമ്മാൾ c) പി. ലീല d) ജാനകി
11. കുട്ടികളുടെ ആരോഗ്യം ഭക്ഷണവുമായി ബന്ധപ്പെട്ട അന്തർദ്ദേശീയ സ്ഥാപനം
a) UNESCO b) UNICEF c) UNICF d) WHOC
12. ''ചാണക്യൻ'' എന്ന നാമത്തിൽ വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യൻ പ്രധാനമന്ത്രി
a) മൻമോഹൻസിങ് b) നരസിംഹറാവു c) മോഡി d) ചരൺസിങ്
13. National Labour Institute ഇന്ത്യയുടെ ഏതു പ്രസിഡന്റുമായി ബന്ധപ്പെട്ടിരിക്കുന്നു.
a) Abdul Kalam b) K.R. Narayanan c) V.V. Giri d) Mrs. Patel
14. The President's bodyguard എന്ന മിലിട്ടറി വിഭാഗം സ്ഥാപിച്ചത് ഏതുവർഷമാണ്.
a) 1773 b) 1948 c) 1950 d) 1951
15. കഥക് എന്ന നൃത്തരൂപം താഴെ പറയുന്നവയിൽ ഏതു സംസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.
a) Rajasthan b) Assam c) Kerala d) Delhi
16. We did not invent the car, but we set the safety standards ഏതു കമ്പനിയുടെ പരസ്യവാചകമാണ്.
a) Volvo b) Maruti c) Hero d) Honda
17. "Missile Woman" എന്ന് അറിയപ്പെടുന്നത് ആരെയാണ്
a) കൽപനചൗള b) ടെസി തോമസ് c) മാലതിറാവു d) വന്ദനറാവു
18. Train യാത്രയിൽ വളരെ അധികം പറഞ്ഞുകേൾക്കുന്ന ഒന്നാണ് PNR എന്നാണ്. PNR പൂർണ്ണരൂപം
a) Passenger Number Record b) Passenger Name Record c) Passenger Number Rate
d) Passenger Nominee Record
19. താഴെ പറയുന്നവരിൽ ആരാണ് പ്രശസ്തനായ Painter
a) കാനായി കുഞ്ഞുരാമൻ b) M F ഹുസൈൻ c) ദാദർ അലി d) ഫക്രുദീൻ അലി

20. യു.എസ്.എ.യുടെ കൊടിയിൽ 13 നേർവരകൾ (horizontal) ഉണ്ട്. അത് എന്തിനെ സൂചിപ്പിക്കുന്നു?
a) 13 കോളനികൾ b) 13 സംസ്ഥാനങ്ങൾ c) 13 വർഷങ്ങൾ d) 13 നൂറ്റാണ്ടുകൾ
21. ഈ ദിവസങ്ങളിൽ ദേശീയ പ്രാധാന്യമുള്ള ഏതിന്റെ ആണ് 150-ാം വർഷം ആഘോഷിച്ചത്.
a) വന്ദേമാതരം b) ജനഗണമന c) ദേശീയപതാക d) ദേശീയപക്ഷി
22. താഴെ പറയുന്നതിൽ ഏതിന്റെ പേരുമാറ്റത്തെക്കുറിച്ചാണ് പാർളമെന്റിൽ ചർച്ചകൾ നടക്കുന്നത്.
a) MNREGP b) NEP c) NCERT d) NITI
23. കേരളത്തിൽ അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഏതുവർഷമാണ് നടക്കുക.
a) 2027 b) 2029 c) 2023 d) 2031
24. ആരാണ് ഇന്ത്യയുടെ ഇപ്പോഴത്തെ Chief Justice (December 2025)
a) V.V. Chandrachood b) V.V.Giri c) Surya Kant d) Shukla Dev
25. NMM ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു.
a) NEP b) NITI c) IPR d) GLO

**Question Paper 15 Answers**

**Part A**

1. World Trade Organisation (WTO)

1990 ന്റെ ആരംഭകാലം മുതൽ ആഗോളവൽക്കരണം ലോകവ്യാപകമായി പ്രബലപ്പെട്ടു. ഇതിൽ പ്രധാനമായി 3 ഘടകങ്ങൾ ഉൾപ്പെടുന്നു. അവ Liberalisation, Privatisation, Globalisation (LPG) ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞാൽ ലോകവ്യാപാരത്തിലെ "ഉദാരവൽക്കരണം" ആണ് ലക്ഷ്യം. മറ്റുഭാഷയിൽ പറഞ്ഞാൽ "നിയന്ത്രണങ്ങളില്ലാത്ത ലോക വ്യാപാരം". ഈ വ്യാപാരത്തെ നയിക്കുന്നതിനുവേണ്ടി 1995 ജനുവരി 1-ാം തിയ്യതി തുടക്കംകുറിച്ച സ്ഥാപനമാണ് WTO. ഈ സ്ഥാപനം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് സ്വിറ്റ്സർലാന്റിലെ (Switzerland) ജനീവയിൽ ആണ്. ഇന്ന് ലോകത്തിലെ മിക്കവാറും രാജ്യങ്ങൾ WTOൽ അംഗങ്ങൾ ആണ്. ലോക വ്യാപാരത്തിൽ പങ്കെടുക്കാൻ ഈ അംഗത്വം ആവശ്യമാണ്.

**2. പ്രാദേശിക ആസൂത്രണം**

1993 ഏപ്രിൽ 24-ാം തിയ്യതി ആണ് പഞ്ചായത്ത് രാജ് (73-ാം ഭരണഘടനാഭേദഗതി) നിലവിൽ വന്നത്. പ്രാദേശിക ഭരണവും, പ്രാദേശിക ആസൂത്രണവും ആണ് ഇതിന്റെ പ്രധാനചുമതല. പ്രാദേശികഭരണം ത്രിതല പഞ്ചായത്തുകളിലൂടെ (ഗ്രാമം, ബ്ലോക്ക്, ജില്ല) നടക്കുന്നു. അതുപോലെ പ്രാദേശിക ആസൂത്രണവും. ഈ പ്രക്രിയ ആരംഭിക്കുന്നത് ഗ്രാമസഭയിലൂടെ ആണ്. ഓരോ ഗ്രാമപഞ്ചായത്തിന്റേയും ആവശ്യങ്ങൾ ജനങ്ങൾ ചർച്ച ചെയ്ത് (ഗ്രാമസഭ) തീരുമാനിക്കുന്നു. "ഇന്ത്യ ഗ്രാമങ്ങളിലൂടെ ജീവിക്കുന്നു" എന്ന ഗാന്ധിയൻ ആശയം പഞ്ചായത്ത് ആസൂത്രണത്തിലൂടെ സാക്ഷാൽക്കരിക്കുന്നു.

### 3) ക്രിസ്മസ് കരോൾ

എല്ലാവരും ക്രിസ്മസ് ഗംഭീരമായി ആഘോഷിച്ചല്ലോ. ക്രിസ്മസ് കരോളിലും പങ്കെടുത്തുകാണും. എന്നാൽ പലർക്കും കരോൾ ചരിത്രം അറിയില്ല. കരോൾ എന്നത് ഒരു ഫ്രഞ്ച് (Franch) പദമാണ്. ചുറ്റുംനിന്നുകൊണ്ടുള്ള നൃത്തം എന്നതാണ് ഇതിന്റെ അർത്ഥം. 4–ാം നൂറ്റാണ്ട്, 13–ാം നൂറ്റാണ്ട്, 19–ാം നൂറ്റാണ്ട് എന്നീ കാലഘട്ടങ്ങളിലാണ് കരോൾഗാനങ്ങൾ വിവിധ രൂപത്തിൽ, വിവിധ രാഗത്തിൽ വികസിച്ചത്. 13–ാം നൂറ്റാണ്ടിൽ നാടൻ ശൈലിയിലുള്ള കരോൾഗാനങ്ങൾ പ്രോത്സാഹിപ്പിച്ചതിൽ സെ. ഫ്രാൻസിസ് അസ്സീസിയുടെ പങ്കും ചെറുതല്ല. ദൈവസ്തുതിയോടൊപ്പം മതസൗഹാർദ്ദവും കരോൾ പാട്ടുകളിൽ പ്രതിഫലിക്കുന്നു. 1843ൽ ചാൾസ് ഡിക്കൻസ് എഴുതിയ "ക്രിസ്മസ് കരോൾ" എന്ന നോവൽ ക്രിസ്മസ് കരോളിന് പുതിയ ഉണർവ്വ് പകർന്നു. എന്നാൽ ഇന്ന് പലപ്പോഴും നമ്മുടെ ചെറുപ്പക്കാർ ക്രിസ്മസ് കരോൾ നടത്തുന്നത് ഈ ചരിത്രം ഒന്നും ഓർക്കാതെ ആണ്.

### 4. കുതിരപന്തയം

ഏറ്റവും വേഗതയുള്ള മൃഗത്തെ കണ്ടെത്തുക എന്ന പ്രാചീന ആശയമാണ് കുതിരപന്തയമായി പിന്നീട് മാറിയത്. ഇതിൽ വിജയസാദ്ധ്യതയുള്ള കുതിരയെ മുൻകൂട്ടി മത്സരത്തിൽ പങ്കെടുക്കുന്നവർ പ്രഖ്യാപിക്കുന്നു. തങ്ങൾ നിർദ്ദേശിച്ച കുതിര ഒന്നാമതെത്തിയാൽ പന്തയപണം (Bet) അവർക്ക് ലഭിക്കുന്നു. ഈ തുക ലക്ഷങ്ങൾ ആണ്. അതുപോലെ നഷ്ടവും സംഭവിക്കാം. ലോകത്തിന്റെ പല സ്ഥലങ്ങളിലും, USA, UK, Australia, Japan എന്നിവിടങ്ങളിലെല്ലാം ഈ മത്സരം നടക്കാറുണ്ട്. ഇന്ത്യയിൽ പല സ്ഥലങ്ങളിലും ഈ മത്സരം ഇന്നും തുടരുന്നു. ഒരു തരത്തിൽ കുതിരപന്തയം ഒരു ചൂതാട്ടമാണ്. ഈ അടുത്ത കാലത്തായി കുതിര പന്തയമത്സരങ്ങൾ കുറഞ്ഞുവരുന്നു.

## 5. Puri Temple

10–ാം നൂറ്റാണ്ടിൽ ഗംഗാ സാമ്രാജ്യം ഒറീസ്സയിലെ പുരിയിൽ ഈ ക്ഷേത്രം പണികഴിപ്പിച്ചു. ശ്രീ ജഗനാഥ് ക്ഷേത്രം എന്നാണ് പൂർണ്ണനാമം. അവിടുത്തെ ഏറ്റവും പ്രധാന ഉത്സവം രഥയാത്രയാണ്. ഇന്ത്യൻ വാസ്തുശില്പകലയുടെ പ്രശസ്തി വിളിച്ചോതുന്നതാണ് ഈ ക്ഷേത്രം. ദിവസവും ആയിരക്കണക്കിന് സന്ദർശകർ ഇവിടെ വരുന്നു.

## P-ar-t B

1. Emily Henerry 2. നാടകം 3. January 11
4. B.C. Roy 5. A അൽഷീമർ
6. മുജീബ് റഹ്മാൻ 7. Anemology
8. Cunifm 9. ചക്കരി 10. Chemist 11. Affidavet 12. TATA
13. പത്മവിഭൂഷൻ 14. പത്രം 15. മലയാറ്റൂർ രാമകൃഷ്ണൻ
16. 3 ഇ 17. KKGSS 18. പെസൊ 19. സാമ്പത്തികശാസ്ത്രം 20. സബർമതി 21. 941 22. Special Intensive Revition 23. ദക്ഷിണ ആഫ്രിക്ക 24. രാഷ്ട്രപിതാവിന്റെ മകൾ 25. സൈനിക അഭ്യാസം



# പഴയനിയമപുസ്തകത്തിലെ ചില സ്ത്രീകഥാപാത്രങ്ങൾ

## ദലീല

(തുടർച്ച)



**ലീനാ ഫ്രാൻസീസ്**

ന്യായാധിപന്മാരുടെ പുസ്തകത്തിൽ 12 ന്യായാധിപന്മാരെകുറിച്ച് വിവരിക്കുന്നുണ്ട്. അവരിൽ 12–ാമത്തെ ന്യായാധിപനാണ് സാംസൺ. സാംസന്റെ ജീവിതവുമായി ബന്ധപ്പെട്ടാണ് ദലീലയെ നമ്മൾ പരിചയപ്പെടുന്നത്.

സോറായിൽ ദാൻഗോത്രക്കാരനായ മനോവ എന്നൊരാൾ ഉണ്ടായിരുന്നു. അവന്റെ ഭാര്യ വന്ധ്യയായിരുന്നു. അവൾക്കു മക്കളില്ലായിരുന്നു. കർത്താവിന്റെ ദൂതൻ അവൾക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു; "നീ വന്ധ്യ യാണ്, നിനക്കു മക്കളില്ല നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്. അശുദ്ധമായതൊന്നും ഭക്ഷിക്കരുത്. നീ ഒരു പുത്രനെ പ്രസവിക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടരുത്. അവൻ ജനനം മുതൽ ദൈവത്തിനു നാസീർ വ്രതക്കാരനായിരിക്കും. അവൻ ഫിലിസ്ത്യരുടെ കയ്യിൽനിന്നും ഇസ്രായേലിനെ വിടുവിക്കാൻ ആരംഭിക്കും." ഇക്കാര്യം അവൾ തന്റെ ഭർത്താവായ മനോവയെ അറിയിച്ചു. പിന്നീട് ദൈവദൂതൻ മനോവയോടും ഇക്കാര്യങ്ങൾത്തന്നെ പറയുകയുണ്ടായി. അവൾ ഒരു പുത്രനെ പ്രസവിച്ചു. സാംസൻ എന്ന് അവന് പേരിട്ടു. കർത്താവിന്റെ ആത്മാവ് അവനിൽ പ്രവർത്തിച്ചുതുടങ്ങി.

സാംസൺ തിമ്നായിൽവെച്ച് ഒരു ഫിലിസ്ത്യ സ്ത്രീയെ വിവാഹം കഴിച്ചു. ചില കാരണങ്ങളാൽ ഫിലിസ്ത്യർ തന്നെ അവളെയും അവളുടെ പിതാവിനേയും അഗ്നിക്കിരയാക്കി പിന്നീട് സാംസൺ ഗാസായിൽ ചെന്നപ്പോൾ ഒരു സ്വൈരിണിയെ കണ്ടുമുട്ടി. അവളോടുകൂടി ശയിച്ചു. സാംസൺ അവിടെ വന്നിട്ടുണ്ടെന്നറിഞ്ഞ ഗാസാ നിവാസികൾ ആ വീടിനുചുറ്റും കാവലിരുന്നു, പ്രഭാതമായാൽ അവനെ കൊല്ലാമെന്നു നിശ്ചയിച്ചു. സാംസണാകട്ടെ പാതിരാ കഴിഞ്ഞപ്പോൾ പട്ടണപടിപ്പുരയുടെ വാതിൽ കട്ടിളയോടു കൂടെ പറിച്ചെടുത്ത് തോളിൽ വെച്ച് കടന്നുകളഞ്ഞു.

ന്യായാധിപന്മാർ 16–ാം അദ്ധ്യായത്തിലാണ് ദലീല എന്ന കഥാപാത്രത്തെ നമ്മൾ കാണുന്നത്. ഗാസായിൽ നിന്നു പോന്നതിനുശേഷം സാംസൺ ദലീല എന്ന സ്ത്രീയെ സ്നേഹിച്ചു. ഫിലിസ്ത്യരുടെ നേതാക്കന്മാർ അവ ളുടെ അടുത്തുചെന്നു പറഞ്ഞു. സാംസണെ നീ വശീകരിക്കണം. അവന്റെ ശക്തി എവിടെ സ്ഥിതിചെയ്യുന്നുവെന്നും, അവനെ എങ്ങനെ കീഴടക്കി ബന്ധിക്കാമെന്നും മനസ്സിലാക്കണം. ഞങ്ങൾ ഓരോരുത്തരും നിനക്ക് 1100 വെള്ളി നാണയങ്ങൾ തരാം. ദലീല സാംസനോട് സ്നേഹപൂർവ്വം പറഞ്ഞു. നിന്റെ ഈ വലിയ ശക്തിയെല്ലാം എവിടെ സ്ഥിതിചെയ്യുന്നുവെന്നും നിന്നെ എങ്ങനെ ബന്ധിച്ചു കീഴടക്കാമെന്നും എന്നോടു പറയുക. ഉണങ്ങാത്ത പുതിയ ഏഴു ഞാണുകൊണ്ട് ബന്ധിച്ചാൽ എന്റെ ശക്തി കുറഞ്ഞ് ഞാൻ സാധാരണ മനുഷ്യനെപോലെയാകും. ദലീലാ ഈ രഹസ്യം ഫിലിസ്ത്യ പ്രഭുക്കളെ അറിയിച്ചു. അവർ ഉണങ്ങാത്ത ഏഴ് ഞാൺ കൊണ്ടുവന്നു. ദലീലാ അവകൊണ്ട് അവനെ ബന്ധിച്ചു. ഉൾമുറിയിൽ അവൾ ആളുകളെ പതിയിരുത്തിയിരുന്നു അവൾ അവനോടുപറഞ്ഞു; സാംസൺ, ഇതാ ഫിലി സ്ത്യർ നിന്നെ വളഞ്ഞിരിക്കുന്നു. എന്നാൽ അഗ്നി ചണനൂലിനെ എന്ന പോലെ അവൻ ആ ഞാണുകൾ പൊട്ടിച്ചുകളഞ്ഞു. അവന്റെ ശക്തിയുടെ രഹസ്യം പുറത്തായില്ല. ദലീല അവനോട് പറഞ്ഞു. "നീ എന്നെ കബളിപ്പിച്ചു. എന്നോട് നുണപറഞ്ഞു. ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്ത കയറുകൊണ്ട് എന്നെ ബന്ധിച്ചാൽ ഞാൻ ദുർബലനാകും എന്ന് സാംസൺ അവളെ അറി യിച്ചു. അവൾ അവനെ പുതിയ കയർകൊണ്ടുവന്ന് കെട്ടി. പക്ഷേ, അതും അവൻ നൂലുപോലെ പൊട്ടിച്ചുകളഞ്ഞു. "ഇപ്പോഴും നീയെന്നോട് കളവ് പറഞ്ഞു" എന്ന് പറഞ്ഞ് ദലീല പരിഭവം നടിച്ചു. മൂന്നാമതായി സാംസൺ അവളോടു പറഞ്ഞു; എന്റെ ഏഴു തലമുടി ചുരുൾ എടുത്ത് പാവിനോട് ചേർത്ത് ആണിയിൽ ഉറപ്പിച്ച് നെയ്താൽ മറ്റുമനുഷ്യരെപ്പോലെ ഞാൻ ബലഹീനനാകും. അവൻ ഉറങ്ങുമ്പോൾ ദലീലാ അവന്റെ ഏഴു തലമുടി ച്ചുരുൾ എടുത്ത് പാവിനോട് ചേർത്ത് ആണിയിൽ ഉറപ്പിച്ച് നെയ്തു. അന ന്തരം അവനോട് പറഞ്ഞു: സാംസൺ ഫിലിസ്ത്യർ നിന്നെ ആക്രമിക്കാൻ വരുന്നു. അവൻ ഉറക്കത്തിൽ നിന്നുണർന്ന് ആണിയും തറിയും പാവും അടിച്ചുപൊളിച്ചു.

അവൾ അവനോടു പറഞ്ഞു. നിന്റെ ഹൃദയം എന്റെ കൂടെയില്ലെങ്കിൽ എന്നെ സ്നേഹിക്കുന്നുവെന്ന് എങ്ങനെ പറയാൻ കഴിയും? അവൾ ഇങ്ങനെ ഓരോ ദിവസവും അവനെ ആ രഹസ്യം പറയാൻ നിർബന്ധിച്ചു. ആ അലട്ടൽ മരണത്തിനു തുല്യമായി. അവൻ ആ രഹസ്യം തുറന്നുപറഞ്ഞു. "ക്ഷൗരക്ക ത്തി എന്റെ തലയിൽ സ്പർശിച്ചിട്ടില്ല. ജനനം മുതൽ ഞാൻ നാസീർവ്രത ക്കാരനാണ്. മുടിവെട്ടിയാൽ എന്റെ ശക്തി നഷ്ടപ്പെട്ട് മറ്റു മനുഷ്യരെപ്പോ

# സ്നേഹസ്മരണയ്ക്ക്

## 6 – ാം ചരമവാർഷികം

29. 12. 2025



## ചാലിശ്ശേരി അന്തോണി ജോൺസൺ ഭാര്യ

# ആനി

ജനനം : 17 – 04 – 1963    മരണം : 29 – 12 – 2019

അളവറ്റ സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും
കരുതലിന്റേയും മരിക്കാത്ത ഓർമ്മകളുമായ്
സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് മാർട്ടിൻ കുടുംബക്കൂട്ടായ്മ

# 50th Wedding Anniversary

23/11/2025





**Thalakkottukara**

**Mr.Varghese Solaman**

**&**

**Mrs. Sobha**

St. Xavier Unit

*With Best Compliments From:*

**Mariya, Thomson, Ann,**

**Iza, Esther...**

# പുതിയ കൈക്കാരന്മാർക്ക് സ്വാഗതം



ഫ്രാൻസിസ് പെരുമാട്ടിൽ
കൈക്കാരൻ



ബിജു കോമ്പാറക്കാരൻ
കൈക്കാരൻ



രാജു കുരിയാക്കോസ്
കൈക്കാരൻ



സിജോ ജോസ് കള്ളിക്കാടൻ
കൈക്കാരൻ

# നന്ദിയോടെ പ്രാർത്ഥനാശംസകൾ



ജോയ് ചക്കാലയ്ക്കൽ
കൈക്കാരൻ



ജാൻസൺ പുത്തൂക്കര
കൈക്കാരൻ



വിൻസെന്റ് കളത്തിങ്കൽ
കൈക്കാരൻ



എൽജോയ് കല്ലൂവീട്ടിൽ
കൈക്കാരൻ



# പൗരോഹിത്യ സുവർണ്ണ - രജത ജൂബിലി ആഘോഷം

## 2025 ഡിസംബർ 23 വൈകീട്ട് 7ന്
## സെന്റ് ആൻസ് പള്ളിയിൽ





## ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന മുൻ വികാരി

# റവ.ഫാ.ജോൺ മൂലൻ

21-12-1975 - 21-12-2025

ജൂബിലി ആശംസകളോടെ...

**സെന്റ് ആൻസ് ചർച്ച്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ**



# പൗരോഹിത്യ സുവർണ്ണ - രജത ജൂബിലി ആഘോഷം



**2025 ഡിസംബർ 23 വൈകീട്ട് 7ന്**
**സെന്റ് ആൻസ് പള്ളിയിൽ**



## സിൽവർ ജൂബിലി ആഘോഷിക്കുന്ന

**മുൻ വികാരി**
**റവ.ഫാ. ജോഷി ആളൂർ**
28.12.2000 - 28.12.2025

**ഇടവക വികാരി**
**റവ.ഫാ. ലിജോ ചിറ്റിലപ്പിള്ളി**
27.12.2000 - 27.12.2025

ജൂബിലി ആശംസകളോടെ...
**സെന്റ് ആൻസ് ചർച്ച്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ**

# സ്നേഹസ്മരണയ്ക്ക്

67 – ാം ചരമവാർഷികം 25 – ാം ചരമവാർഷികം



**കുരുതുകുളങ്ങര തോമ മകൻ**
## പൈലപ്പൻ
ജനനം : 03.12. 1934 മരണം : 15.12.1957

**കുരുതുകുളങ്ങര പൈലപ്പൻ ഭാര്യ**
## മറിയം
ജനനം : 15.03.1939 മരണം : 14.01.2001

**സെന്റ് സെബാസ്റ്റ്യൻ കുടുംബകൂട്ടായ്മ**

# പൗരോഹിത്യ ജൂബിലി ആഘോഷം



















# അഭിനന്ദനങ്ങൾ

**ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് എക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ നടത്തിയ CA പരീക്ഷയിലും, ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇൻഡ്യ നടത്തിയ CS പരീക്ഷയിലും ഉന്നതമായ വിജയം കൈവരിച്ച കുമാരി എബിയെയും ഇതിനായ് ഒരുക്കിയ മാതാപിതാക്കൾ ശ്രീ. ജോയ് എം.എം നും ശ്രീമതി ലിസ്സി ജോയിക്കും പ്രത്യേകം ആശംസകൾ**

*Best Compliments from:*

ബാബു തോമാസ് & ഫാമിലി

സെന്റ്.ആന്റണീസ് കുടുംബകൂട്ടായ്മ

## 17–ാം ചരമവാർഷികം





## ബ്രഹ്മക്കുളം ചാക്കു
## വിൻസെന്റ്

ജനനം : 1957 മരണം : 2009

സെന്റ് അൽഫോൻസ കുടുംബകൂട്ടായ്മ





ലെയാകും. അവൻ രഹസ്യം തുറന്നു പറഞ്ഞകാര്യം അവൾ ഫിലിസ്ത്യപ്രഭുക്കളോടു പറഞ്ഞു. അവൾ അവനെ മടിയിൽ കിടത്തി ഉറക്കി. ഒരാളെക്കൊണ്ട് അവന്റെ തലയിലെ ഏഴുമുടിച്ചുരുളുകളും ക്ഷൗരം ചെയ്യിപ്പിച്ചു. അതിനുശേഷം അവൾ അവനെ അസഹ്യപ്പെടുത്തിത്തുടങ്ങി. അവന്റെ ശക്തി അവനെ വിട്ടുപോയി. അവൻ ഉണർന്നു. കർത്താവ് അവനെ വിട്ടുപോയകാര്യം അവൻ അറിഞ്ഞില്ല. ഫിലിസ്ത്യർ അവനെ പിടിച്ച് രണ്ടുകണ്ണും ചൂഴ്ന്നെടുത്ത് ഗാസായിലേക്ക് കൊണ്ടുപോയി. ഓട്ടുചങ്ങലകൊണ്ട് ബന്ധിച്ച് കാരാഗൃഹത്തിലാക്കി. മാവുപൊടിക്കുന്ന ജോലിയിൽ ഏർപ്പെടുത്തി. മുണ്ഡനത്തിനുശേഷവും അവന്റെ തലയിൽ മുടി വളർന്നുകൊണ്ടിരുന്നു. ഇങ്ങനെ ഫിലിസ്ത്യരിൽനിന്നും പണംവാങ്ങി സാംസന്റെ ശക്തി നശിപ്പിച്ച് സാംസനെ ഫിലിസ്ത്യർക്ക് ഏൽപ്പിച്ചുകൊടുത്തവളാണ് ദലീല. ദലീലയെപോലെ ചില നെഗറ്റീവ് കഥാപാത്രങ്ങളും വിശുദ്ധ വേദപുസ്തകത്തിലുണ്ട്.

---

# കാരുണ്യനിധി കവർ – 2025

| നമ്പർ | കുടുംബക്കൂട്ടായ്മ പേരുകൾ | കിട്ടിയ കവർ | കിട്ടിയ രൂപ |
|---|---|---|---|
| 1. | സെന്റ്.അൽഫോൺസ | 22 | 2440 |
| 2. | സെന്റ്.ആൻസ് | 16 | 3160 |
| 3. | സെന്റ്. ആന്റണീസ് | 34 | 6500 |
| 4. | സെന്റ്. ഏവുപ്രാസിയ | 16 | 1400 |
| 5. | സെന്റ്.ജോർജ്ജ് | 31 | 2985 |
| 6. | സെന്റ്. ഗോൺസാല | 29 | 5050 |
| 7. | സെന്റ്. ഇഗ്നേഷ്യസ് | 23 | 4200 |
| 8. | സെന്റ്. മാർട്ടിൻ | 15 | 2500 |
| 9. | സെന്റ്.മേരീസ് | 20 | 4500 |
| 10. | സെന്റ്.ജോസഫ് | 23 | 6220 |
| 11. | സെന്റ്.മദർ തെരേസ | 26 | 4050 |
| 12. | സെന്റ്. പയസ്സ് | 35 | 6500 |
| 13. | സെന്റ്. സെബാസ്റ്റ്യൻ | 18 | 3200 |
| 14. | സെന്റ്.തോമാസ് | 33 | 3160 |
| 15. | സെന്റ്. സേവ്യയർ | 24 | 5740 |
| | | **365** | **61605** |


വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.

# സെൻ്റ്. ആൻസ് ഇടവക 21-12-2025ൽ കൂടിയ 10/1 മത് പ്രതിനിധിയോഗ തീരുമാനങ്ങൾ

1. പ്രതിനിധി യോഗത്തിന്റെ പുതിയ സെക്രട്ടറിയായി ഫ്രാൻസി ആന്റണിയെയും, ജോ.സെക്രട്ടറിയായി ആബേൽ ജോൺസിനേയും എന്നിവരെ ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു
2. ഇടവകയുടെ പുതിയ ഇൻന്റേണൽ ഓഡിറ്റേഴ്സ് ആയി വർഗ്ഗീസ് ചിറമ്മൽ, പോളി ആഗസ്റ്റിൻ എന്നിവരെ തെരഞ്ഞെടുത്തു
3. ദൈവാലയത്തിന്റെ അറ്റകുറ്റ പണികളും ചെറിയ നിർമ്മാണ പ്രവർത്തനങ്ങളും പ്രതിനിധിയോഗത്തിന്റെ അറിവോ അനുവാദമോ ഇല്ലാതെ പലപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ മേലിൽ പ്രതിനിധി യോഗത്തിന്റെ മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണെന്ന് തീരുമാനിച്ചു.
4. പള്ളിയുടെ അൾത്താരയിലെ ഏറ്റവും വിലക്കൂടിയ (Sq.Feet ന് 295 രൂപ) ഇറക്കുമതി ചെയ്ത വെള്ള ഗ്രാനേറ്റുനുമുകളിൽ പ്രതിനിധി യോഗത്തിന്റെ അറിവോ അനുവാദമോ ഇല്ലാതെ ഇട്ട റെഡ് കാർപ്പറ്റ് പള്ളിയുടെ പ്രകാശവും മനോഹാരിതയും കെടുത്തുന്നതിനാൽ അവ നീക്കം ചെയ്യുന്നതിന് പ്രതിനിധിയോഗം ഐക്യകണ്ഠ്യേന തീരുമാനിച്ചു.
5. പള്ളിയുടെയും പാരീഷ് ഹാളുകളുടേയും ഉപയോഗത്തിനായുള്ള സ്ഥാവര ജംഗമ വസ്തുക്കൾ (Stage, Chair, Platform തുടങ്ങിയവ) മറ്റ് ആവശ്യങ്ങൾക്കായി കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.
6. പള്ളിയുടെ അകത്തും പുറത്തുമുള്ള പ്രവർത്തനരഹിതമായ ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനും മാറ്റുന്നതിനും പള്ളിയുടെ മതിൽ, ചുമരുകൾ, രൂപങ്ങൾ എന്നിവ പെയിന്റ് അടിച്ച് വൃത്തിയാക്കുവാനും തീരുമാനിച്ചു.
7. പാരീഷ് ഹാളിന്റെ പ്രവേശന കവാടത്തിനടുത്ത് സ്ഥാപിച്ചിരുന്ന, പാരീഷ് ഹാൾ നിർമ്മാണത്തിന് ത്യാഗ നിർഭരമായി നേതൃത്വം വഹിച്ചരും, ഉൽഘാടനം നിർവ്വഹിച്ച അഭിവന്ദ്യ പിതാവുൾപ്പെടെയുള്ളവരുടെയും ഫോട്ടോ കഴിഞ്ഞ 11 വർഷമായി ഉണ്ടായിരുന്നത് പ്രതിനിധിയോഗത്തിന്റെ അറിവോ, സമ്മതമോ ഇല്ലാതെ നീക്കം ചെയ്തത് ആ സ്ഥലത്തുതന്നെ പുനസ്ഥാപിക്കാൻ യോഗം ഐക്യകണ്ഠ്യേന തീരുമാനിച്ചു.
8. പള്ളിയുടെ സൗണ്ട് സിസ്റ്റം വാർഷിക മെയിന്റനൻസ് നടത്തുവാൻ തീരുമാനിച്ചു.
9. പള്ളിയുടെ ചുറ്റുമതിലിന്മേലുള്ള ലൈറ്റുകൾ രാവിലെ 05.30 മുതൽ 06.00 വരെയും, വൈകീട്ട് 06.30 മുതൽ 09.30 വരയും പ്രകാശിപ്പിക്കുവാൻ യോഗം ഐക്യകണ്ഠ്യേന തീരുമാനിച്ചു.
10. വികാരിയച്ചനും കൈക്കാരൻമാരും അറിയാതെ പള്ളിയിൽ നിന്ന് ഒരു രേഖയും പുറത്തേയ്ക്ക് നൽകരുതെന്ന് യോഗം തീരുമാനിച്ചു.
11. ഈ വർഷത്തെ വി. അന്നാവുമ്മയുടെ ഊട്ടുതിരുനാൾ ഗ്രേയ്സ് ബൈബിൾ കൺവെൻഷൻ നടത്തുവാൻ പ്രസിദ്ധനായ ധ്യാന ഗുരുവിനെ മുൻകൂട്ടി ഏൽപ്പിക്കാൻ  വികാരിയച്ചനെ യോഗം ചുമതലപ്പെടുത്തി.
12. അതിരൂപത ധർമ്മ വിവരത്തിന് അനുസൃതമായി മാത്രമേ പള്ളിജീവനക്കാർക്ക് തിരുകർമ്മ ധർമ്മം സ്വീകരിക്കേണ്ടതുള്ളൂ എന്ന് യോഗം തീരുമാനിച്ചു.

# ഉപേക്ഷിച്ചവൻ അപേക്ഷിച്ചപ്പോൾ !



**ബാബു കുരിയൻ തേറാട്ടിൽ**
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

2012 ലെ ജനുവരി മാസക്കാലം. തമിഴ്നാട്ടിലെ മൈലാടുതുറ എന്ന ശാഖയുടെ ചുമതലയായിരുന്നു എനിക്കന്ന്. ഒരു ദിവസം ഞാനെന്റെ ജോലികളിൽ മുഴുകി ശാഖയിൽ ഇരിക്കുമ്പോൾ മധ്യവയസ്ക്കനായ ഒരാളും കുടെയൊരു സ്ത്രീയും ചേർന്ന് ബാങ്കിൽ വന്നു. സൈനുദ്ദീൻ എന്നു പേരുള്ള അദേഹം ബാങ്കിന്റെ ഒരു പ്രധാന കസ്റ്റമറായിരുന്നു. കുറെക്കാലം ഗൾഫിൽ ജോലിയിലായിരുന്നു. നാട്ടിൽ മടങ്ങിയെത്തി ചില്ലറ പൊതുപ്രവർത്തനമൊക്കെ ചെയ്ത് സമയം ചിലവഴിക്കുകയായിരുന്നു അദ്ദേഹമപ്പോൾ. സ്നേഹം നിറഞ്ഞ പെരുമാറ്റംമൂലം ഞങ്ങൾ എല്ലാവരുടേയും പ്രിയപ്പെട്ടവനായിരുന്നു സൈനുദ്ദീൻ.

തലയിൽ ഒരു കറുത്ത തട്ടമിട്ട് കുടെവന്ന ആ സ്ത്രീയോട് പുറത്തെ കസേരയിൽ ഇരിക്കാൻ പറഞ്ഞ് സൈനുദ്ദീൻ എന്റെ ക്യാബിനിലേക്ക് വന്നു. വന്നകാര്യം അന്വേഷിച്ചപ്പോൾ അദ്ദേഹം മെല്ലെ സംസാരിച്ചു തുടങ്ങി. കുടെ വന്നിരിക്കുന്ന ആയിഷ എന്ന ആ സ്ത്രി സൈനുദ്ദീന്റെ അയൽക്കാരിയാണത്രെ. രണ്ടു പെൺകുട്ടികളുടെ അമ്മയായ അവർക്ക് ഇപ്പോൾ വരുമാനമൊന്നുമില്ല. കുറച്ചുകാലംമുൻപ് അർബുദം ബാധിച്ച് ചികത്സക്കായി ധാരാളം തുക ചിലവായിരുന്നു. തുടർ ചികിത്സക്കായി പിന്നിടും വലിയൊരു തുക മാസംതോറും ചിലവാകുന്നുമുണ്ട്. അവരുടെ ഭർത്താവിനെക്കുറിച്ച് അറിഞ്ഞപ്പോൾ കൂടുതൽ സങ്കടമായി. ആയിഷയുടെ അസുഖമറിഞ്ഞപ്പോൾ ബഷീർ എന്ന അയാൾ അവരെയും കുട്ടികളേയും ഉപേക്ഷിച്ചു പോയത്രെ. അതിനുശേഷം അയാൾ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്ത് വേരൊരിടത്ത് താമസവും തുടങ്ങിയിരുന്നു. നന്നായി തയ്യലറിയാവുന്ന ആയിഷയ്ക്ക് ഒരു തയ്യൽക്കട തുടങ്ങാനുള്ള വായ്പ നൽകിയാൽ അവർ അദ്ധ്വാനിച്ച് ജീവിച്ചുകൊള്ളും. അത് എന്റെ ശ്രദ്ധയിൽപെടുത്തി സഹായം അഭ്യർത്ഥിക്കാനായാണ് സൈനുദ്ദീൻ വന്നത്.

ഞാനുടനെ വായ്പ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ വിളിച്ച് ആയിഷയുടെ വീടും മറ്റും നേരിട്ട് അന്വേഷിച്ച് വേണ്ടത് ചെയ്യുവാൻ നിർദ്ദേശിച്ചു. അതിനുവേണ്ടി ആദ്യമായി 500 രൂപ അടച്ച് അവരൊരു അക്കൗണ്ട് തുടങ്ങണം. പക്ഷെ അതിനുപോലും അവരുടെ കൈയ്യിൽ രൂപയൊന്നും ഇല്ലായിരുന്നു.

ആയിഷയുടെ ബുദ്ധിമുട്ടറിഞ്ഞപ്പോൾ ഞാൻതന്നെ ആ തുക നൽകി അക്കൗണ്ട് തുടങ്ങാൻ സഹായിച്ചു. ഇതുകണ്ട് സൈനുദീനും ആയിഷയും എന്റെ മറ്റ് ജോലിക്കാരും എന്നെ വളരെ അഭിനന്ദിച്ചു. എനിക്കും എന്റെ പ്രവർത്തിയിൽ തെല്ലൊരു അഭിമാനം തോന്നാതിരുന്നില്ല.

ആയിഷയെക്കുറിച്ചുള്ള പ്രാഥമിക അന്വേഷണങ്ങൾക്കു ശേഷം സ്വയം തൊഴിൽ പദ്ധതിയിൽ ഒരുതയ്യൽക്കട തുടങ്ങുന്നതിന് ആവശ്യമായ തുക വായ്പയായി അനുവദിച്ചു. അവരുടെ വാടകവീടിന്റെ വരാന്തയിൽ തന്നെയായിരുന്നു കട തുടങ്ങിയത്. വായ്പതുക കൃത്യമായ സമയങ്ങളിൽ തിരിച്ചടവു നടത്തുന്ന കാര്യത്തിൽ അവർ വളരെ ശ്രദ്ധാലുവായിരുന്നു.

ബാങ്കിലുണ്ടായിരുന്നപ്പോൾ ഉച്ചയ്ക്കു ശേഷം ഞാൻ ശാഖയ്ക്ക് പുറത്തുപോകുക പതിവായിരുന്നു. വായ്പയെടുത്തവരുടെ സ്ഥലങ്ങൾ സന്ദർശിക്കുക, ഡിപ്പോസിറ്റുകാരെ കാണുക, പുതിയ ഇടപാടുകാരെ കണ്ടെത്തുക തുടങ്ങിയവയായിരുന്നു പ്രധാന പ്രവർത്തികൾ. കുറച്ചുനാളുകൾക്കുശേഷം മേത്പറഞ്ഞതുപോലുള്ള ഒരു യാത്രയ്ക്കിടയിൽ ആയിഷയുടെ വീടിനു മുൻപിലും ഞാനെത്തി. അവർ തയ്യൽമെഷീനിൽ വസ്ത്രങ്ങൾ തയ്ച്ചു കൊണ്ടിരിക്കുന്ന തിരക്കിലായിരുന്നു.

ധാരാളം തുണികൾ തയ്ക്കാനായി അവിടുത്ത അലമാരിയിൽ ഇരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. തയ്ച്ചുകഴിഞ്ഞ വിവിധ വർണ്ണങ്ങളിലുള്ള വസ്ത്രങ്ങൾ ഉടമസ്ഥർക്കു നൽകാനായി അവിടെ മറ്റൊരു ഭാഗത്ത് തൂക്കിയിട്ടിരുന്നു. ആയിഷയുടെ രണ്ടു പെൺമക്കൾ സ്കൂൾവിട്ടുവന്ന് വരാന്തയിലിരുന്ന് പഠിക്കുന്നുണ്ടായിരുന്നു. എന്തായാലും ബാങ്കിന്റെ ഭാഗത്തുനിന്നുള്ള ചെറിയൊരു സഹായംമുലം അവർക്കു കൈവരിച്ച സമാധാനത്തിൽ വളരെയധികം സന്തോഷംതോന്നി. ഇടയ്ക്ക് ഞാൻ മറ്റൊരു കാര്യവും ശ്രദ്ധിച്ചു. ആയിഷയുടെ വീടിനകത്തുനിന്ന് ഒരാളുടെ നിറുത്താതെയുള്ള ചുമ കേൾക്കുന്നുണ്ടായിരുന്നു. അതന്വേഷിച്ചപ്പോൾ അവർ എന്നെ വീടിനകത്തേക്കു ക്ഷണിച്ചു.

അവിടെയൊരു മുറിയിൽ ക്ഷീണിച്ചവശനായ ഒരാൾ കിടക്കുന്നുണ്ടായിരുന്നു. ആയിഷയ്ക്ക് അസുഖം വന്നപ്പോൾ ഉപേക്ഷിച്ചുപോയ ഭർത്താവ് ബഷീർ തന്നെയായിരുന്നു അത്. രണ്ടാമത്തെ വിവാഹത്തിനുശേഷം ബഷീറിന് കലശലായ ന്യുമോണിയ അസുഖം ബാധിച്ച് കിടപ്പിലായി. ഇതോടെ രണ്ടാമത്തെ ഭാര്യ അയാളെ ഉപേക്ഷിച്ച് പോയി. അതിനുമുൻപ്

ആ സ്ത്രീ ബഷീറിന്റെ സ്വത്തും പണവുമെല്ലാം കൈക്കലാക്കിയിരുന്നു. അയാളുടെ നിസ്സഹായാവസ്ഥ കണ്ട് മനസ്സലിഞ്ഞ് ആയിഷ അയാളെ വീട്ടിലേക്ക് കൂട്ടികൊണ്ടുവന്നതാണ്.

‘‘ഒരിക്കൽ എന്നെ ഉപേക്ഷിച്ചു പോയവൻ ആണെങ്കിലും ഒരു വിഷമം വന്നപ്പോൾ അയാളുടെ അപേക്ഷ തള്ളിക്കളയാൻ തോന്നിയില്ല സാറെ. അതുകൊണ്ട് അയാളെ ഞാനിങ്ങു കൊണ്ടുവന്നു. ഇപ്പോൾ ചികിത്സയിൽ രോഗത്തിന് കുറച്ച് ശമനമുണ്ട്.....’’ ആയിഷ പറഞ്ഞു.

ആയിഷയുടെ മനസ്സിന്റെ നൈർമ്മല്യം അറിഞ്ഞ എനിക്ക് അത്യധികം അത്ഭുതവും സന്തോഷവും തോന്നി. അക്കൗണ്ട് തുടങ്ങാൻ നിസ്സാരമായൊരു തുക നല്കിയതിൽ അഭിമാനം കൊണ്ട് എന്റെ പ്രവർത്തി അവരുടെ ഹൃദയവിശാലതയ്ക്ക് മുന്നിൽ എത്ര നിസ്സാരം, ഞാനോർത്തു. ആയിഷയുടെ വീടിന്റെ വരാന്തയിൽ കിടന്നിരുന്ന ആ വസ്ത്രങ്ങൾ സൂചിയും നൂലും കൊണ്ട് തുന്നിയവയായിരുന്നില്ല, മറിച്ച് അവരുടെ കണ്ണീരും കരുണയും ചേർത്ത് നെയ്തെടുത്തവയായിരുന്നു?

---

## കുടുംബ കൂട്ടായ്മ സമ്മേളനങ്ങളുടെ പുതിയ സമയക്രമം

| ഒന്നാം മാസം (ജനുവരി, മാർച്ച്, മെയ്, ജൂലായ്, സെപ്തംബർ, നവംബർ) | | |
|---|---|---|
| ഒന്നാം ഞായർ | 3.00 pm | സെന്റ് എവുപ്രാസ്യ |
| | 4.00 pm | സെന്റ് ഇഗ്നേഷ്യസ് |
| രണ്ടാം ഞായർ | 3.00 pm | സെന്റ് ജോസഫ് |
| | 4.00 pm | സെന്റ് മേരീസ് |
| മൂന്നാം ഞായർ | 3.00 pm | സെന്റ് മാർട്ടിൻ |
| | 4.00 pm | സെന്റ് സെബാസ്റ്റ്യൻ |
| നാലാം ഞായർ | 3.00 pm | സെന്റ് മദർ തെരേസ |
| | 4.00 pm | സെന്റ് ആന്റണി |
| **രണ്ടാം മാസം (ഫെബ്രുവരി, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ)** | | |
| ഒന്നാം ഞായർ | 3.00 pm | സെന്റ് ആൻസ് |
| | 4.00 pm | സെന്റ് ഗോൺസാല |
| രണ്ടാം ഞായർ | 3.00 pm | സെന്റ് തോമാസ് |
| | 4.00 pm | സെന്റ് പയസ് |
| മൂന്നാം ഞായർ | 3.00 pm | സെന്റ് ജോർജ്ജ് |
| | 4.00 pm | സെന്റ് അൽഫോൺസ |
| നാലാം ഞായർ | 4.00 pm | സെന്റ് സേവ്യർ |

# ചുവന്ന ലില്ലി

## (വി. ലൂസി)

നോവൽ





ഗ്രന്ഥകർത്താവ്

**റവ. ഫാ. ഏ.സി അന്തിക്കാട്ട്**

യേശുനാഥന്റെ ദിവ്യവചനങ്ങളെപ്പറ്റി ലൂസി വീണ്ടും വീണ്ടും ചിന്തിച്ചു. ഇരുപതു വയസ്സുള്ള ഒരു പെൺമണിയുടെ ചിന്താവിഷയം. റോമൻ ചക്രവർത്തിമാരുടെ ഭീകരഭരണം അവസാനിക്കുകയില്ലേ? ഡയോക്ലീഷന്റെ മർദ്ദനം ആരംഭിച്ചിട്ട് ഒരു കൊല്ലം തികഞ്ഞിട്ടില്ല. ഇതിനകം എത്ര കത്തോലിക്കർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു ! എത്രപേർ രക്തം ചിന്തി. എത്രപേരെ മൃഗങ്ങൾ കടിച്ചുചീന്തി. ഈശോയെ! നിരപരാധികളായ ക്രിസ്ത്യാനികളെ രക്ഷിക്കണം. ലൂസി തേങ്ങിക്കരഞ്ഞു നിരപരാധികൾ അനുഭവിക്കുന്ന വേദനകളെപ്പറ്റി സ്മരിച്ചാൽ എപ്പോഴും അവളുടെ ഹൃദയം വേദനിക്കും; കണ്ണിൽനിന്നും വെള്ളമൊഴുകും, പെട്ടെന്നു തേങ്ങിക്കരയും. ലൂസിയുടെ ഹൃദയം മൃദുവാണ്.

എവുറ്റിക്കായും ഉള്ളുരുകി പ്രാർത്ഥിച്ചു; കരഞ്ഞു. മകളുടെ തേങ്ങലിൽ, അമ്മയുടെ വിതുമ്പൽ ലയിച്ചുപോയി. ഇന്നലെയാണ് അയൽപക്കത്തെ മൂന്നു ക്രിസ്ത്യൻ യുവാക്കളെ ചക്രവർത്തി വാളിന്നിരയാക്കിയതും. ഫിലിപ്പും, പോളും, പൊളിക്കാർപ്പും ഇന്നു വേദസാക്ഷികളാണ്. മിനിഞ്ഞാന്നു രാത്രി അവർ രഹസ്യഗുഹയിൽ തങ്ങളോടൊന്നിച്ചു ദിവ്യബലിയിൽ സംബന്ധിച്ചവരാണ്. അവരുടെ രക്തം യേശുനാഥനുവേണ്ടി ചിന്തപ്പെട്ടു. ഇനിയും എത്രപേരുടെ രക്തം സത്യത്തിനുവേണ്ടി ചിന്തപ്പെടണം. അമ്മ മകളെ നോ ക്കി. ഇനി ഈ ഓമനയെ ചക്രവത്തിയുടെ പട്ടാളക്കാർ പിടിച്ചു കൊണ്ടുപോകുമോ ? മകളുടെ സൗന്ദര്യം എവുറ്റിക്കയുടെ സംശയം വർദ്ധിപ്പിച്ചു. എന്തുതന്നെയായാലും ലൂസി മരിക്കാൻ പാടില്ല.

ആരോ വാതിലിൽ മുട്ടുന്നു. മറിയയാണ്. അടിമപ്പെണ്ണ്. ''അമ്മച്ചീ, അമ്മച്ചീ, ഒരാളു വന്നിട്ടോണു വിശ്വസ്തതയുള്ള ഒരു അടിമപ്പെണ്ണാണവൾ. എവുറ്റിക്ക, അവളെ സ്വതന്ത്രയാക്കിയിരിക്കുകയാണ്.

എവുറ്റിക്കയും ലൂസിയും കണ്ണുകൾ തുടച്ചു മുറിയിൽനിന്നു പുറത്തുവന്നു. 'ആരാണിതും? കല്ലിക്സ്റ്റസൊ? എന്താണു് വിശേഷം ? എവുറ്റിക്ക ചോദിച്ചു.

'ഒരു രഹസ്യസന്ദേശവുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. ആഗതൻ

മന്ത്രിച്ചു. ''നാളെ ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഇവിടെ ദിവ്യബലി അർപ്പിക്കുവാൻ സൗകര്യപ്പെടുത്തണം. 'കൊച്ചുമീൻ' എന്ന അടയാളം പറയുന്നവരെ അകത്തു പ്രവേശിപ്പിക്കാം. നമ്മുടെ പഴയ അടയാളങ്ങൾ ശത്രുക്കൾ മനസ്സിലാക്കിയിരിക്കുകയാണ്. പൗളീനസ് ആണ് ഒറ്റിക്കൊടുത്തതും. ഇന്നലെ പത്തു സഹോദരന്മാരെ ജീവനോടെ ദഹിപ്പിച്ചു. മൂന്നുപേരെ വാളിന്നിരയാക്കി. 27 പേർ കാരാഗൃഹത്തിലുണ്ട്. അവരിൽ മൂന്നു പേരെ നാളെ കാട്ടുമൃഗങ്ങൾക്ക് ഭക്ഷണമാക്കും''.

ലൂസി ഒന്നും മിണ്ടിയില്ല. എവുറ്റിക്കായുടെ അധരങ്ങൾ ചലിച്ചില്ല. എന്നാൽ അവരുടെ കണ്ണുകളിൽനിന്നു ജലം പ്രവഹിക്കുകയാണ്.

കല്ലിക്സ്റ്റസ് തുടർന്നു: ഈ രാത്രി മരുന്നുകച്ചവടക്കാരൻ വേഷത്തിൽ താടി വളർത്തിയ ഒരു മനുഷ്യൻ വരും. അദ്ദേഹം 'കഴുകൻ' എന്ന അടയാളമായിരിക്കും പറയുക. അദ്ദേഹമാണ് ദിവ്യബലി അർപ്പിക്കാനുള്ള പുരോഹിതൻ. ഞാൻ പോകട്ടെ; ധൃതിയുണ്ട്.

''എന്തെങ്കിലും കുടിച്ചിട്ട് പോകാം.'' 'വേണ്ട. എനിക്കും എല്ലാ ക്രിസ്ത്യാനിളേയും വിവരമറിയിക്കേണ്ടതുണ്ട്. കല്ലിക്സ്റ്റസ് സ്ഥലംവിട്ടു.

''അമ്മെ, എനിക്ക് നാളെ ദിവ്യകാരുണ്യം സ്വീകരിക്കണം. ഇനി കർത്താവിനെ സ്വീകരിക്കുന്നതുവരെ എനിക്ക് ഒരു ഭക്ഷണവും വേണ്ടാ. ഞാൻ പ്രാത്ഥിക്കുവാൻ പോകയാണ്.''

''കുറച്ചു ദിവസമായിട്ട് മോള് ക്ഷീണിക്കുകയാണ്. ഭക്ഷണം കഴിച്ചില്ലെങ്കിൽ തളരും.''

''ഇല്ല അമ്മ. രണ്ടു ദിവസം മുഴുവൻ ഭക്ഷണമില്ലാതെ കഴിച്ചിട്ടുണ്ടല്ലോ.''

''നാളത്തെ കുർബ്ബാനയുടെ കാര്യം പരമരഹസ്യമായിരിക്കണം. ആരോടും മിണ്ടിപ്പോകരുത്.''

'ഇല്ല അമ്മേ, ഞാൻ ആരോടും, പറയുകയില്ല. എന്താ എനിക്ക് ഭ്രാന്തുണ്ടോ പറയാൻ? പറഞ്ഞാൽ നാളെ ഒരു കൂട്ട അറസ്റ്റും കൂട്ടക്കൊലയുമുണ്ടാകുമെന്നും എനിക്കറിയാം?.''

പെട്ടെന്ന് ലൂസി കരഞ്ഞ്, അമ്മയെ കെട്ടിപ്പിടിച്ചു. അമ്മയുടെ നയനങ്ങളിൽനിന്നും മകളുടെ ശിരസ്സിൽ കണ്ണുനീർകണങ്ങൾ പതിച്ചു.

'ഓ ! എന്താണാവൊ അമ്മയും മകളും നിന്നിങ്ങനെ കരയുന്നത്.'', അയൽപക്കത്തെ ഓമാനൊ എന്ന യുവാവാണ്. അവൻ പൊട്ടിച്ചിരിച്ചു. ലൂസി അമ്മയുടെ മുഖത്തു ഭയത്തോടെ നോക്കി. ഇന്നലെ വേദസാക്ഷികളായ മൂന്നു യുവാക്കന്മാരെ പിടിച്ചുകൊടുത്ത ദുഷ്ടനാണയാൾ. 'ലൂസിക്കെന്നെ കണ്ടാൽ എപ്പോഴും ഭയമാണല്ലോ. ഞാൻ വിചാരിച്ചാൽ ചക്രവർത്തിയുടെ പുത്രനെ ലൂസിക്കു വരനായി ലഭിക്കുന്നതായിരിക്കും. അപ്പോൾ എന്നെ ഓർക്കുമോ?'' ലൂസി ഒന്നും മിണ്ടിയില്ല. റൊമാനൊ ലൂസിയെ നോക്കി മന്ദ

ഹസിച്ചു. എന്നാൽ അവൾ ചിരിച്ചില്ല. അവളുടെ വദനം വാടിത്തളന്നിരുന്നു. കണ്ണുകൾ കലങ്ങിയിരുന്നു.

''എന്താ റൊമാനോ പ്രത്യേകിച്ച്'' എവുറ്റിക്ക ചോദിച്ചു. ''ഒന്നുമല്ല; ചുമ്മാ, ഇവിടംവരെ ഒന്നു വന്നെന്നുമാത്രം. നമ്മൾ അയൽക്കാരല്ലേ ?''

---

## ജനുവരി 2026 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

1. വ്യാഴം, വർഷാരംഭം നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം)
2. വെള്ളി, ആദ്യവെള്ളി ദൈവ മാതൃത്വതിരുനാൾ, 05.30 മുതൽ കുമ്പസാരം അന്നാപാത, ലദീഞ്ഞ്, നൊവേന, ആരാധന, നേർച്ച കഞ്ഞി മുതലായവ ഉണ്ടായിരിക്കും
3. ശനി, വി.കുര്യാക്കോസ് ഏലിയാസ്
6. ചൊവ്വ, നമ്മുടെ കർത്താവിന്റെ ദനഹത്തിരുനാൾ
9. വെള്ളി, വെള്ളിതിരുക്കർമ്മങ്ങൾ (വി.യോഹന്നാൻമാംദാന)
11. ഞായർ
14. ബുധൻ, വിശുദ്ധ ദേവസഹായം
16. വെള്ളി, വെള്ളി തിരുകർമ്മങ്ങൾ വി. പത്രോസ്, വി.പൗലോസ് ശ്ലീഹന്മാർ
18. ഞായർ, സഭൈക്യ വാരം തുടങ്ങുന്നു.
20. ചൊവ്വ, വി.സെബാസ്ത്യാനോസ്
23. വെള്ളി, വെള്ളി തിരുകർമ്മങ്ങൾ വി.സുവിശേഷകന്മാർ
24. ശനി, വി. ഫ്രാൻസീസ് സാലസ്
25. ഞായർ. സഭൈക്യവാരം അവസാനിക്കുന്നു. വി.പൗലോസിന്റെ മാനസാന്തരം
26. തികൾ, മൂന്ന് നോമ്പ് തിങ്കൾ, ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം, വി. തിമോത്തേയോസ്, വി. തീത്തൂസ് .
27. ചൊവ്വ, മൂന്ന് നോമ്പ് ചൊവ്വ
28. ബുധൻ, മൂന്ന് നോമ്പ് ബുധൻ
29. വ്യാഴം, മൂന്ന് നോമ്പ് കഴിഞ്ഞുള്ള വ്യാഴം
30. വെള്ളി, വി. എസ്തപ്പാനോസ്, ലോക സമാധാനദിനം
31. ശനി, വി. ജോൺ ബോസ്കോ

# ഭർത്താക്കന്മാരേ നിങ്ങൾ രാജാക്കന്മാരാകുന്നു



പോൾ ചാണ്ടി

ഒരു രാജാവിന്റെ ചുമതലയാണ് തന്റെ ഭരണത്തിൻ കീഴിലുള്ള പ്രജകൾക്ക്, ഭുജിക്കാൻ ഭക്ഷണവും ധരിക്കാൻ വസത്രവും വസിക്കാൻ ഭവനവും നൽകുക എന്നുള്ളത്.

പ്രിയ ഭർത്താക്കന്മാരേ, നിങ്ങളുടെ ഭവനമെന്ന സാമ്രാജ്യത്തിലുള്ള ജനങ്ങളുടെ (അപ്പൻ, അമ്മ, ഭാര്യ, മക്കൾ) ക്ഷേമം നിങ്ങളുടെ ചുമതലയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. അപ്പൂപ്പനും അമ്മൂമ്മയും ഭാര്യയും മക്കളുമെല്ലാം രാജാവെന്ന നിലയിൽ നിങ്ങൾക്കുള്ള ചുമതലകൾ നിർവഹിക്കാൻ അവരാലാവുംവിധം കൊച്ചുകൊച്ച് ജോലികൾ ചെയ്ത്, നിങ്ങളെ സഹായിയ്ക്കുകയാണ് ചെയ്യുന്നത് എന്ന് ഓർമ്മിക്കുക.

ഒരു കുടുംബത്തിന്റെ കഥ പറയാം. അമ്മ ഡോക്ടർ, അപ്പൻ പ്രൊഫസർ. രണ്ട് മക്കൾ വിദ്യാർത്ഥികൾ. മകൾ 4–ാം ക്ലാസ്സിലും, മകൻ 6–ാം ക്ലാസ്സിലും പഠിക്കുന്നു.

കാലത്ത് 8.30ന് കുട്ടികൾ സ്കൂളിലേക്ക് യാത്രയാകും ഡോക്ടർ മമ്മി 9 മണിക്ക് ഹോസ്പിറ്റലിലേക്കും, പ്രൊഫസർ ഡാഡി 9.30 ന് കോളേജിലേയ്ക്കും പോകും.

ഉച്ചതിരിഞ്ഞ് 3.30 ന് കുട്ടികൾ സ്കൂളിൽനിന്ന് വീട്ടിലെത്തും മുറ്റത്ത് കളിയ്ക്കും. വീടിനകത്തേക്ക് പ്രവേശിക്കാനാവില്ല. കാരണം വീടിന്റെ താക്കോൽ ഡാഡിയുടെ കയ്യിലാണ്. 4 മണിയ്ക്ക് പ്രൊഫസർ ഡാഡി വീട്ടിലെത്തും. വാതിൽതുറന്ന് തന്റെ ഗ്രന്ഥക്കെട്ടുകളുമെടുത്ത് പൂമുഖത്തെ ചാരുകസേരയിൽ ഉപവിഷ്ടനായി വായനതുടങ്ങും. 6 മണിയോടുകൂടി ഡോക്ടർ മമ്മി വീട്ടിലെത്തും. സമയമൊട്ടും കളയാതെ കിച്ചനിലെത്തി കാപ്പിയും മറ്റ് പലഹാരങ്ങളും ഉണ്ടാക്കി ഭർത്താവിനും മക്കൾക്കും നൽകും. 4 മണിക്ക് കഴിക്കേണ്ടിയിരുന്ന കാപ്പിയും പലഹാരങ്ങളും കഴിക്കുന്നത് ആറ് ആറര മണിയ്ക്കാണ്. അതുവരെ ഡാഡിയും മക്കളും വിശപ്പ് സഹിച്ചുകൊണ്ടിരിക്കുക തന്നെയാണ്. പ്രൊഫസർ ഡാഡി ഒരു കാരണവശാലും കിച്ചനി

ലേയ്ക്ക് കടന്ന് കുട്ടികൾക്ക് ഒരു കപ്പ് കാപ്പിപോലും ഉണ്ടാക്കിക്കൊടുക്കാൻ മെനക്കെടാറില്ല.

ഡോക്ടർ മമ്മി ഏപ്രൺ ധരിച്ച് വീണ്ടും തന്റെ ഓപ്പറേഷൻ തിയറ്ററായ കിച്ചനിലേക്ക് കുതിച്ച് ഓപ്പറേഷൻ ആരംഭിക്കുകയായി. ഏതാണ്ട് എട്ട് എട്ടര മണിയോടെ ഭക്ഷണം തയ്യാറാക്കി കുട്ടികളെയും പ്രൊഫസർ ഭർത്താവിനെയും ഭക്ഷണം കഴിക്കുന്നതിന് ക്ഷണിച്ചുകൊണ്ടുവരും, പ്രൊഫസറദ്ദേഹം ഘനഗംഭീരനായി നടന്നുവന്ന് ഭക്ഷണശേഷം വീണ്ടും വായന തുടരാനായി ചാരുകസേരയിൽ അമരും!

ഭക്ഷണം കഴിച്ച പാത്രങ്ങളെല്ലാം കഴുകിവച്ച് ഡോക്ടർ മമ്മി അടുത്തദിവസത്തെ പാചകത്തിനുള്ള വിഭവങ്ങളെല്ലാം ഒരുക്കിവയ്ക്കും. ഏതാണ്ട് പതിനൊന്ന് പതിനൊന്നരമണിയോടെ കിടപ്പുമുറിയിലെത്തി നടുവൊന്ന് നിവർത്തും.

പ്രൊഫസർ ഡാഡിയ്ക്ക് വീട്ടിലെ ഈ വകകാര്യങ്ങളിൽ യാതൊരു ചിന്താദാരവുമില്ല; സഹായഹസ്തം നീട്ടാറുമില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള ചിന്തയും ഭാരവും ഡോക്ടർ ഭാര്യയുടെ തലയിലും തോളിലുമായിരിക്കും. മതിയോ? കാര്യങ്ങൾ ഇങ്ങനെ ആയാൽ മതിയോ? ഒന്ന് ചിന്തിക്കുക.

മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണ്. ആ കുടുംബത്തിന്റെ നേതൃസ്ഥാനം ദൈവം പുരുഷനെയാണ് ഏല്പിച്ചത്. ''ദൈവമാ. കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു'' (ഉൽപ. 2:7).

എന്നാൽ സ്ത്രീയെ ആകട്ടെ പുരുഷന്റെ വാരിയെല്ലുകൊണ്ടാണ് ദൈവം രൂപകല്പന ചെയ്തത്. മനുഷ്യനിൽനിന്ന് എടുത്ത് വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീയ്ക്കു രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു. ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിയ്ക്കപ്പെടും'' (ഉൽപ. 2:22–23). തന്റെ അസ്തിത്വത്തിന്റെ ഒരു ഭാഗം തന്നെയാണ് അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, താൻ തന്നെയാണ് ഹവ്വയും എന്ന് ആദം വിശ്വസിച്ചു.

പണ്ട് മുൻതലമുറയുടെ കാലത്ത് സ്ത്രീ വീട്ടിൽനിന്ന് പുറത്തുപോയി ജോലി ചെയ്യാറില്ല. വീടിനകത്തെ ജോലികളിലാണ് അവൾ വ്യാപൃതയായിരിക്കുക. പുരുഷനാകട്ടെ പുറത്ത് ജോലിക്ക് പോകും. അക്കാലത്തെ സമ്പ്രദായം അങ്ങനെയായിരുന്നു.

എന്നാൽ കാലം മാറി. ഇന്ന് സ്ത്രീയും പുരുഷനും വീടിനുപുറത്ത് ജോലിയ്ക്ക് പോകേണ്ടതായിട്ട് വരുന്നു. തിരിച്ചുവരുമ്പോൾ രണ്ടുപേരും ചേർന്ന് വീട്ടിലെ പണികൾ 50-50 എന്ന നിരക്കിൽ വീട്ടിലെ പണികൾ ചെയ്യേണ്ടതാണെന്നുള്ള ബോധ്യം പുരുഷനും സ്ത്രീയ്ക്കും ഉണ്ടാകണം,

എന്നാൽ പണ്ടത്തെ സമ്പ്രദായങ്ങൾ ഇന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ചില പുരുഷന്മാർ സ്ത്രീതന്നെ വീട്ടിലെ ജോലികൾ എല്ലാം നിർവ്വഹിക്കണമെന്ന് നിർബന്ധം പിടിക്കുകയാണ്. അപ്പോൾ വീട്ടിൽ പ്രശ്നങ്ങൾ ഉത്ഭവിയ്ക്കുകയായി. കുടുംബസമാധാനം പറന്ന് അകലുകയായി.

താൻ കുടുംബത്തിന്റെ രാജാവാണെന്നും കുടുംബത്തിലെ തന്റെ പ്രജകൾക്ക് ആഹാരം, വസ്ത്രം, ഭവനം ആദിയായവ നൽകേണ്ടത് തന്റെ ചുമതലയാണെന്നും തന്റെ ആ ചുമതല നിർവഹിക്കാൻ ഭാര്യയും മക്കളും തന്നെ സഹായിക്കുകയാണെന്നും ഭർത്താക്കന്മാർ മനസ്സിലാക്കണം. ഈ ഒരു അവബോധം ഉണ്ടാകുമ്പോൾ ഏതൊരു ഭർത്താവും വീട്ടിലെ പണികൾ നിർവഹിക്കാൻ ഭാര്യയ്ക്ക് സഹായഹസ്തം നീട്ടിക്കൊടുക്കാതിരിക്കുകയില്ല. അപ്പോൾ കുടുംബത്തിൽ സമാധാനവും സന്തോഷവും കളിയാടും.

പ്രിയ ഭർത്താക്കന്മാരേ, നിങ്ങൾ കുടുംബത്തിലെ രാജാക്കന്മാരാകുന്നു. പ്രജകളുടെ ക്ഷേമത്തിനു ആഹാരവും വസ്ത്രവും ഭവനവും നൽകി തന്റെ പ്രജകളെ സന്തുഷ്ടരാക്കാൻ പരിശ്രമിക്കുക. അപ്പോൾ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും.


# FINEX
## Electricals & Sound

Olarikkara, Thrissur Pin - 680 012
Phone : 0487 - 23621976, Res : 2366490, Mob : 9847867312

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**

BIBLE QUIZ

Quiz Digest

# Season III Seniors Quiz - 9



ക്വിസ് മാസ്റ്റർ
**ജോളി കുരിയാക്കോസ്**

## 2 സാമുവൽ 1–5 ഉൾപ്പെടെ അദ്ധ്യായങ്ങൾ
## കത്തോലിക്കസഭ, ആൻസ് ഡൈജസ്റ്റ് – ഡിസംബർ

1. മദർ ഏലീശ്വ ഏത് സന്യാസിനി സഭയുടെ സ്ഥാപകയാണ്?
2. സാവൂളിന്റെ ഉപനാരി ആരായിരുന്നു?
3. ജോനാഥന്റെ മുടന്തനായ പുത്രൻ ആരാണ്?
4. അബ്നേർ കുന്തത്തിന്റെ പിൻഭാഗം കൊണ്ട് ആരെയാണ് കുത്തികൊന്നത്?
5. സിക്ക് മതസ്ഥരുടെ വി.ഗ്രന്ഥം ഏത്?
6. ജോൺ ഏർണസ്റ്റ് ഏതു പേരിലാണ് അറിയപ്പെട്ടത്?
7. ഏതു നഗരത്തിൽ പോകാനാണ് കർത്താവ് ദാവീദിനോട് കൽപ്പിച്ചത്?
8. ദാവീദ് പാടിയ വിലാപഗാനം ഏതു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു?
9. ഫിലിസ്ത്യർ ഏതു താഴ്വരയിലാണ് പാളയമടിച്ചത്?
10. യൂദിത്തിന്റെ ഭർത്താവ് ആരായിരുന്നു?

## സീസൺ 3 ക്വിസ് 8 വിജയികൾ 10/10

1. റോസി ഫ്രാൻസിസ്
2. റോസിലി ഫ്രാൻസിസ്
3. ബിജു പൗലോസ്
4. ബീന മോഹൻ
5. ഷീല ഡേവിസ്
6. സിസിലി സി.ഡി.
7. ഡേവിസ് ഇ.ജി.
8. ഫെമി ആന്റണി
9. മാഗി വർഗ്ഗീസ്
10. അൽഫോൻസ ഡോൾഫി

9/10 മേഴ്സി പോൾ

ക്വിസ് 8 – ഉത്തരങ്ങൾ അടുത്ത ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**NB: ജനുവരി 23ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**




# Season II Junior's Quiz - 9

## For Catechism students (1st. Std to ACC)

**1 കോറി 8 – 12 അദ്ധ്യായങ്ങൾ**
**കത്തോലിക്കസഭ, ഡൈജസറ്റ് – ഡിസംബർ**

1. ജോൺ ഏർണസ്റ്റ് ഏത് പേരിലാണ് അറിയപ്പെട്ടത്?
2. അപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുമ്പോൾ നാം എന്താണ് ചെയ്യുന്നത്?
3. നിങ്ങളുടെ ശക്തിക്കതീതമായ .............. ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല.
4. സാമുവലിന്റെ അമ്മ ആര്?
5. മോശയുടെ നിയമത്തിൽ എന്താണ് എഴുതിയിരിക്കുന്നത്?
6. തങ്ങളെ അനുഗമിച്ച ആത്മീയശില ആരാണ്?
7. നിങ്ങളുടെ ............. ബലഹീനർക്ക് എന്തെങ്കിലും വിധത്തിൽ ഇടയർച്ചയ്ക്ക് കാരണമാകാതിരിക്കാൻ സൂക്ഷിക്കണം.
8. യൂദിത്തിന്റെ ഭർത്താവ് ആര്?
9. ശ്ലീഹ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അത് തന്റെ എന്താണെന്നാണ് പറയുന്നത്?
10. സിക്ക് മതസ്ഥരുടെ വി.ഗ്രന്ഥം ഏത്?

### സീസൺ 2 ക്വിസ് 8 വിജയികൾ 10/10

1. ജോമിൻ ജോസഫ് ജോൺ
2. അന്ന ജോൺ
3. തെരേസ ജോൺ
4. ജോവാൻ മരിയ ജോൺ

9/10. ഇവ മരിയ ഷിന്റോ

**NB: ജൂനിയർ ക്വിസ്സിൽ കൂടുതൽ കൂട്ടുകാർ പങ്കെടുക്കാൻ ശ്രദ്ധിക്കണേ.**

**ഉത്തരം പൂരിപ്പിച്ച് പങ്കെടുക്കുന്ന വിദ്യാത്ഥികൾ**

**പേര്, ക്ലാസ് , കുടുംബകൂട്ടായ്മയുടെ പേര്, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.**

**ക്വിസ് 8 – ഉത്തരങ്ങൾ അടുത്ത ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

**NB: ജനുവരി 23ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**

# കളറിംഗ് മത്സരം



പേര്.......................................................................................ക്ലാസ്....................................

കുടുംബകൂട്ടായ്മ...........................................ഫോൺ.......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## മത്സര വിജയികൾ

**LKG & UKG**

**Ist റെയ്സൽ അഗസ്റ്റിൻ കെ.**
സെന്റ്. ജോർജ്ജ്

**LP**

**Ist അനീന റോസ്**
സെന്റ്. മദർതെരേസ

**IInd കാതറിൻ മേരി സിജോ**
സെന്റ് ഗോൺസാല

**UP**

**Ist തെരേസ് ജോൺ**
സെന്റ് ആൻസ്

**IInd ജീവ എസ് നിരപ്പിൽ**
സെന്റ്. മദർതെരേസ

# ബൈബിൾ വായനകൾ




## ജനുവരി - 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>1 യോഹ 4:12 – 16<br>യോഹ 10:31 – 38 | **2**<br>ഹെബ്രാ 1:1 – 4<br>യോഹ 1:14 – 18 | **3**<br>1 കോറി 1:4 – 9<br>ലൂക്കാ 2:36 – 40 |
| **4**<br>പുറ 34:28 – 35<br>1 സാമു 3:1 – 10<br>റോമാ 11:33 – 12:2<br>ലൂക്ക 2:22 – 24;41:52 | **5**<br>1 യോഹ 5:1 – 5<br>യോഹ 5:19 – 23 | **6**<br>പുറ 19:16 – 25<br>ജോയേ 2:28 – 32<br>2 തിമോ 1:6 – 10<br>മർക്കോ 1:1 – 11 | **7**<br>2 തിമോ 3:10 – 17<br>ലൂക്കാ 4:23 – 30 | **8**<br>ഫിലി 1:12 – 18<br>യോഹ 3:22 – 30 | **9**<br>2 സമൂ 12:1 – 10<br>ജറെ 1:4 – 10; 16 – 19<br>ശ്ലീഹ12:1 – 11<br>മത്താ14:1 – 12 | **10**<br>വെളി 4:1 – 8<br>ലൂക്കാ 7:18 – 23 |
| **11**<br>പുറ 3:9 – 16<br>പ്രഭാ 18:1 – 14<br>വെളി 1:4 – 8<br>യോഹ 8:21 – 30 | **12**<br>എഫേ 1:15 – 23<br>യോഹ 3:31 – 23 | **13**<br>1 യോഹ 3:1 – 10<br>മർക്കോ 1:21 – 28 | **14**<br>വെളി 19:5 – 10<br>യോഹ 2:1 – 12 | **15**<br>1 കോറി 6:12 – 20<br>യോഹ 2:13 – 25 | **16**<br>പുറ 19:1 – 8<br>ശ്ലീഹ 10:34 – 43<br>ഗലാ 1:11 – 24<br>യോഹ 21:15 – 19 | **17**<br>1 കോറി 6:12 – 20<br>യോഹ 2:13 – 25 |
| **18**<br>നിയ 31:1 – 8<br>എശ 41:8 – 16<br>ഫിലി 3:4 – 16<br>മർക്കോ 3:7 – 19 | **19**<br>1 കോറി 2:1 – 17<br>മത്താ 4:12 – 17 | **20**<br>2 കോറി 2:12 – 17<br>മത്താ 4:12 – 17 | **21**<br>1 യോഹ 2:7 – 11<br>യോഹ 9:1 – 11 | **22**<br>ശ്ലീഹ 3:19 – 26<br>യോഹ 5:39 – 47 | **23**<br>ഉത്പ 2:5 – 17<br>എസെ 1:1, 4 – 14<br>വെളി4:1 – 11,<br>ലൂക്കാ 8:4 – 15 | **24**<br>റോമാ 10:5 – 13<br>മർക്കോ 1:40 – 46 |
| **25**<br>ഉത്പ 29:1 – 14<br>2 രാജാ 17:24 – 28<br>ഹെബ്രാ 6:1 – 12<br>യോഹ 4:1 – 26 | **26**<br>നിയ 30:1 – 6<br>യോനാ 3:1 – 10<br>യൂദാ 1:20 – 25<br>മത്താ 9:9 – 13 | **27**<br>2 ദിന 6:24 – 30<br>ബാറു 1:15 – 22<br>യാക്കോ 5:13 – 20<br>യോഹ 1:29 – 34 | **28**<br>ഉത്പ 29:15 – 30<br>ഹോസി 14:1 – 9<br>1 പത്രോ 4:1 – 11<br>ലൂക്കാ 7:36 – 50 | **29**<br>എസെ 33:10 – 16<br>മിക്കാ 7:8 – 9,28 – 20<br>3 യോഹ 1:1 – 8<br>ലൂക്കാ 15:1 – 10 | **30**<br>ഉത്പ 4:1 – 12<br>1 രാജാ 21:1 – 13<br>ശ്ലീഹ6:8 – 15,7:1 – 2,51 – 60<br>ലൂക്കാ 23:33 – 43 | **31**<br>എഫേ 4:25 – 32<br>മത്താ 6:5 – 15 |

# 17-ാം ചരമവാർഷികം
24.01.2026





## വടക്കൻ ജോർജ്ജ് മകൻ
# രാജു

ജനനം : 21-07-1967   മരണം : 24-01-2009

അളവറ്റ സ്നേഹത്തിന്റേയും
വാത്സല്യത്തിന്റേയും കരുതലിന്റേയും
മരിക്കാത്ത ഓർമ്മകളുമായ്
സന്തപ്ത കുടുംബാംഗങ്ങൾ

വി. മദർതെരേസ കുടുംബകൂട്ടായ്മ


since1960
Merry Christmas
&
Happy New Year
SAKTHI NETHRA
Opticals & Eye Clinic
9809011011 , 9495025011
nirmala hiprint, tsr 2387393